## പതിനഞ്ചാം കേരള നിയമസഭ
## (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

### തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
### (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING )

### ആനുകാലിക റിപ്പോർട്ട്
(2024 മാർച്ച് 31 വരെയുള്ളത്)
### (PERIODICAL REPORT AS ON 31st MARCH, 2024)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2024 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്
(Presented on 8th July, 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

FCB5E/PL//Sub.Comm./IX/ Facing sheet/Periodical Report2024 /23.5.24/25.5.24/6.6.24/**8.7.24**

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

### തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും
### (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING )

### ആനുകാലിക റിപ്പോർട്ട്
(2024 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2024)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

<u>ഉള്ളടക്കം</u>


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1 |
| അനുബന്ധം | - | 25 |

# സബ്ജക്റ്റ് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)
## (2023-2026)

**ഘടന**

**അദ്ധ്യക്ഷൻ** :

ശ്രീ. എം. ബി. രാജേഷ്,
തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പുമന്ത്രി.

**എക്സ് - ഒഫീഷ്യോ അംഗങ്ങൾ:**

ശ്രീ. കെ. രാജൻ,
റവന്യൂ ഭവന നിർമ്മാണ വകുപ്പുമന്ത്രി.

ശ്രീ. വി. അബ്ദുറഹിമാൻ,
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി.

**അംഗങ്ങൾ:**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ശ്രീ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി.

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി.

ശ്രീ. ഹരിശങ്കർ പി.,ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 01.04.2023 മുതൽ 31.03.2024 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021 ജൂൺ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ ഭാഗം -2 പ്രകാരം 2021-2023 കാലയളവിലേക്കായും 2023 ഡിസംബർ 07-ലെ 445-ാം നമ്പർ ബുള്ളറ്റിൻ ഭാഗം - 2 പ്രകാരം 2023-2026 കാലയളവിലേക്കായി രൂപീകരിച്ച തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

2023-24 കാലയളവിൽ സമിതി 06.06.2023, 11.09.2023, 28.12.2023, 01.02.2024, 22.02.2024, 28.02.2024, 05.03.2024 എന്നീ തീയതികളിലായി 7 യോഗങ്ങൾ ചേർന്നു. ഇതിൽ 06.06.2023-ലെ യോഗത്തിൽ ചട്ടം 235(എ) പ്രകാരം അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും 11.09.2023-ലെ യോഗത്തിൽ 2022-23 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, ആനുകാലിക റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 28.12.2023-ലെ യോഗത്തിൽ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ എന്നിവയും പരിഗണിച്ചു. 22.02.2024, 28.02.2024 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായും 05.03.2024-ൽ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് അംഗീകാരത്തിനുമായി ചേർന്നു.

ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 53% ആയിരുന്നു.

ആറ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അദ്ധ്യായം I-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും അദ്ധ്യായം II-ൽ സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങളും, അദ്ധ്യായം III-ൽ സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങളും അദ്ധ്യായം IV-ൽ ചട്ടം 235 A പ്രകാരമുള്ള യോഗങ്ങളുടെ വിവരങ്ങളും അദ്ധ്യായം V-ൽ നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും അദ്ധ്യായം VI-ൽ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൽ മറുപടി ലഭ്യമായതും ലഭ്യമാക്കാനുള്ളതുമായ ശിപാർശകളുടെയും വകുപ്പുകളുടെയും വിവരങ്ങളും 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ സമിതി ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടി പത്രികകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2024 ജൂലൈ 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**എം. ബി. രാജേഷ്,**
അദ്ധ്യക്ഷൻ,
സബ്ജക്ട് കമ്മിറ്റി IX.

തിരുവനന്തപുരം,
2024 ജൂലൈ 8.

# റിപ്പോർട്ട്

## <u>അദ്ധ്യായം - I</u>

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 11.09.2023-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2023 സെപ്റ്റംബർ 13-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് - 11.09.2023-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2023 സെപ്റ്റംബർ 13-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് - 01.02.2024-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2024 ഫെബ്രുവരി 2-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്-01.02.2024-ലെ യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2024 ഫെബ്രുവരി 2-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## <u>അദ്ധ്യായം - II</u>

### സമിതി പരിഗണിച്ച ബില്ലുകൾ

1. 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ
2. 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

## <u>അദ്ധ്യായം - III</u>

### സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

**(എ) <u>കരട് ചട്ടങ്ങൾ</u>**

1. 2023-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ചട്ടം

(ഫയൽ നം. 21830/സബ്.സി.ഡി1/21/ലെജി.)

പ്രസ്തുത കരട് ചട്ടം 28.12.2023-ലെ സമിതി യോഗം പരിഗണിക്കുകയും ചട്ടം 13(1)-ൽ വ്യക്തത വരുത്തി വീണ്ടും പരിഗണിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

2. 2023-ലെ കേരള പഞ്ചായത്ത് രാജ് (മൃഗാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടം.

(ഫയൽ നം. 21105/സബ്.സി.ഡി1/2023/ലെജി.)

പ്രസ്തുത കരട് ചട്ടം 28.12.2023-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

**(ബി) എസ്.ആർ.ഒ.കൾ**

സമിതിയുടെ 28.12.2023-ലെ യോഗം, താഴെപ്പറയുന്ന എസ്.ആർ.ഒ.കൾ സമിതിയുടെ മുൻകൂട്ടിയുള്ള പരിശോധന കൂടാതെ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ നൽകിയ വിശദീകരണം അംഗീകരിക്കുകയും പ്രസ്തുത ചട്ടങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

1. 2023-ലെ കേരള സംസ്ഥാന വഖഫ് (ഭേദഗതി) ചട്ടങ്ങൾ

(എസ്.ആർ.ഒ.നം. 783/23)

(ഫയൽ നം. 14084/സബ്.സി.ഡി1/2023/ലെജി.)

2. 2022-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ

(എസ്.ആർ.ഒ.നം. 628/22)

(ഫയൽ നം. 18840/സബ്.സി.ഡി1/2022/ലെജി.)

3. 2023-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ

(എസ്.ആർ.ഒ.നം. 101/23)

(ഫയൽ നം. 16567/സബ്.സി.ഡി1/2023/ലെജി.)

4. 2023-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ

(എസ്.ആർ.ഒ.നം. 100/23)

(ഫയൽ നം. 16567/സബ്.സി.ഡി1/2023/ലെജി.)

## അദ്ധ്യായം - IV

## നിയമസഭ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ.

കേരളത്തിൽ അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച കർമ്മ പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ചചെയ്യുന്നതിനായി ചട്ടം 235(എ) പ്രകാരം 06.06.2023-ൽ യോഗം ചേർന്നു.

## അദ്ധ്യായം - V

നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

| ക്രമ നം. | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | XXI-ഭവനനിർമ്മാണം | 2022-23 | പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് | 09.08.2023 |
| 2. | XXI-ഭവനനിർമ്മാണം | 2022-23 | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | 09.08.2023 |
| 3. | XXI-ഭവനനിർമ്മാണം | 2022-23 | സൈനിക ക്ഷേമ വകുപ്പ് | 09.08.2023 |
| 4. | XXI-ഭവനനിർമ്മാണം | 2022-23 | ഭവനനിർമ്മാണ വകുപ്പ് | 09.08.2023 |
| 5. | XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ | 2022-23 | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | 09.08.2023 |

## അദ്ധ്യായം - VI

(എ) 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പറും വകുപ്പുകളും | മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പുകളും |
|---|---|---|
| 78 | ഭവനനിർമ്മാണ വകുപ്പ് (ഖണ്ഡിക നമ്പർ 3-10,12,14-19) പൊതുഭരണ ന്യൂനപക്ഷക്ഷേമ വകുപ്പ് (ഖണ്ഡിക നമ്പർ 33-38 ) പൊതുമരാമത്ത് വകുപ്പ് (ഖണ്ഡിക നമ്പർ 1, 2, 11, 13 ) | തദ്ദേശസ്വയംഭരണ വകുപ്പ് (ഖണ്ഡിക നമ്പർ 20-32, 41-78, 39, 40) |

**(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.**

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ നമ്പർ 3 മുതൽ 14, 16, 18 മുതൽ 20 എന്നിവയിന്മേൽ ഭവനനിർമ്മാണ വകുപ്പിൽ നിന്നും, 21 മുതൽ 30, 70 മുതൽ 82 വരെയുള്ള ശിപാർശകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും, 32 മുതൽ 34 വരെയുള്ള ശിപാർശകൾക്ക് പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ സമിതിയുടെ 11.09.2023-ലെ യോഗം പരിഗണിച്ച് അംഗീകരിച്ചിരുന്നു. ശിപാർശയുടെയും മറുപടികളുടെയും വിശദാംശം 13.09.2023-ന് സഭയിൽ സമർപ്പിച്ച 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**എം. ബി. രാജേഷ്,**
അദ്ധ്യക്ഷൻ,
സബ്ജക്ട് കമ്മിറ്റി IX.

തിരുവനന്തപുരം,
2024 ജൂലൈ 8.

## <u>അനുബന്ധം</u>

## <u>06.06.2023-ലെ യോഗനടപടിക്കുറിപ്പ്</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX 2023 ജൂൺ 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു.തദ്ദേശസ്വയംഭരണം എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, സമിതിയുടെ എക്സ് ഒഫിഷ്യോ അംഗമായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീമതി കാനത്തിൽ ജമീല
3. ശ്രീ. വി. കെ. പ്രശാന്ത്
4. ശ്രീ. പി. ഉബൈദുള്ള
5. ശ്രീ. ടി. ജെ. വിനോദ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. എ. എം. ബഷീർ, സെക്രട്ടറി
2. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
3. ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

**<u>ഹാജരായ ഉദ്യോഗസ്ഥർ:</u>**

1. ശ്രീമതി ശാരദ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. എച്ച്. ദിനേശൻ, ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. പ്രശാന്ത് സി., ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ഇ.പി.ഇ.പി. സ്റ്റേറ്റ് സെൽ), പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീമതി ആർ. ഷൈനി, ഡെപ്യൂട്ടി ഡയറക്ടർ, (ഇ.എം.പി.ടി.) & നോഡൽ ഓഫീസർ (ലെയ്സൺ) (ഇ.പി.ഇ.പി. സ്റ്റേറ്റ് സെൽ), പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

5. ശ്രീ. രാജേഷ് കെ. ആർ., അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
6. ശ്രീമതി പ്രീതി ആർ., അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡോ. ബി. ശ്രീജിത്ത്, പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ
8. ശ്രീ. അരുൺ പി. രാജൻ, പ്രോഗ്രാം മാനേജർ, കുടുംബശ്രീ

സമിതി, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം യോഗം ചേരുകയും 'അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ' പ്രവർത്തനങ്ങളെക്കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

(ഫ.നം. 69741/സബ്.സി.ഡി1/2023/നി.സെ.)

കേരള സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കർമ്മപദ്ധതിയുടെ വിശദാംശങ്ങളാണ് ഈ യോഗത്തിൽ ചർച്ച ചെയ്യുന്നതെന്ന് ആമുഖമായി ചെയർമാൻ അറിയിക്കുകയും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുകയും ചെയ്തു.

അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്നുള്ളത് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണെന്നും അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള വിപുലമായ പദ്ധതി 2021 മുതൽ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുകയാണെന്നും ആയതിന് സാധാരണ നടത്താറുള്ള സർവ്വേ രീതിയിൽനിന്നും വ്യത്യസ്തമായി നൂതനവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങളാണ് അവലംബിച്ചിരിക്കുന്നതെന്നും ജനകീയ പങ്കാളിത്തത്തോടെ ജനപ്രതിനിധികളും സാമൂഹിക സംഘടനാപ്രവർത്തകരും കുടുംബശ്രീ അയൽക്കൂട്ടം പ്രവർത്തകരും മറ്റുംചേർന്ന് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തി പൊതുമാനദണ്ഡപ്രകാരം അർഹതയുള്ളവരെ മാത്രമാണ് അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അതിജീവനത്തിന്റെ അടിസ്ഥാന ഘടകങ്ങളായ ഭക്ഷണം, പാർപ്പിടം എന്നിവ നേടിയെടുക്കാൻ കഴിയാത്തവർ, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാൽ പൊതുസമൂഹവുമായി ബന്ധപ്പെടാൻ കഴിയാത്തവർ, അലഞ്ഞുതിരിഞ്ഞു നടക്കുന്നവർ, യാതൊരുവിധ ആസ്തിയും

ഇല്ലാത്തവർ, തുടങ്ങി വിവിധ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളതെന്നും അനർഹർ കടന്ന് കൂടിയിട്ടില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്താണ് പട്ടിക തയ്യാറാക്കിയതെന്നും ഇതിന്റെ ചുമതല വഹിക്കുന്നത് പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സനാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രക്രിയയ്ക്ക് കൂടുതൽ വ്യക്തത വരുത്തുന്നതിനായി വ്യത്യസ്ത സ്വഭാവമുള്ള മൂന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, അതായത് തീരദേശ മേഖലയിൽ അഞ്ചുതെങ്ങ് പഞ്ചായത്ത്, നഗരമേഖലയിൽ വടക്കാഞ്ചേരി നഗരസഭ, ട്രൈബൽ മേഖലയിൽ തിരുനെല്ലി പഞ്ചായത്ത് എന്നിവിടങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ സർവ്വേ നടത്തി പദ്ധതിയുടെ രീതിശാസ്ത്രവും പ്രക്രിയയും പഠന വിധേയമാക്കിയതിന്റെ കൂടി അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ റിസോഴ്സ് ടീം സജ്ജമാക്കുകയും കിലയിൽ നിന്നും പരിശീലനം ലഭിച്ച അംഗങ്ങൾ ഉൾപ്പെട്ട ടീമുകൾ വാർഡു തലത്തിൽ രൂപീകരിച്ച് ഫോക്കസ് ഗ്രൂപ്പ്/ ക്ലസ്റ്റർതല ചർച്ചകളിലൂടെ തയ്യാറാക്കപ്പെട്ട വിവിധ പട്ടികകൾ ഏകോപിപ്പിച്ച് അംഗീകരിച്ച അന്തിമ പട്ടികയിൽ 64006 കുടുംബങ്ങളിലായി 103099 വ്യക്തികളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അവരുടെ നിലവിലുള്ള ജീവിതാവസ്ഥയിൽ നിന്നും കരകയറ്റാൻ പര്യാപ്തമായ സൂക്ഷ്മതല പദ്ധതി അഥവാ മൈക്രോപ്ലാൻ തയ്യാറാക്കുക എന്നതായിരുന്നു പട്ടിക തയ്യാറാക്കിയതിനുശേഷമുള്ള മുഖ്യപ്രവർത്തനമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ തയ്യാറാക്കിയ പ്രസ്തുത പദ്ധതിയിൽ ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ, ഹ്രസ്വകാല പദ്ധതികൾ, ദീർഘകാല പദ്ധതികൾ എന്നിവ ഉൾപ്പെടുത്തിയിരുന്നുവെന്നും കുടുംബങ്ങളുടെ അതിജീവനത്തിനാവശ്യമായ അടിയന്തര സഹായങ്ങളായ ഭക്ഷണം, അവശ്യസർട്ടിഫിക്കറ്റുകൾ എന്നിവ ലഭ്യമാക്കൽ, രോഗാവസ്ഥയിലുള്ളവരെ സർക്കാരിന്റെ വിവിധ ആരോഗ്യ പദ്ധതികളുമായി ബന്ധിപ്പിച്ചു കൊടുക്കൽ എന്നിവ മൈക്രോപ്ലാൻ പദ്ധതിയിലൂടെ ആദ്യഘട്ടത്തിൽ നടപ്പിലാക്കിയെന്നും എന്നാൽ ചില കുടുംബങ്ങൾക്ക് ആജീവനാന്തം സഹായം നൽകേണ്ടിവരുന്നതിനാൽ അവരെ ഉടൻ

നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികളിലും ഹ്രസ്വകാല പദ്ധതികളിലും ദീർഘകാല പദ്ധതികളിലും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആരോഗ്യം, സാമൂഹ്യനീതി, ഫിഷറീസ്, പട്ടികജാതി പട്ടികവർഗ്ഗം, സിവിൽ സപ്ലൈസ് തുടങ്ങിയ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ട് പോകുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

എം.ഐ.എസ്. പോർട്ടലിൽ അതിദരിദ്രരുടെ പട്ടിക അപ്‌ലോഡ് ചെയ്തിട്ടുണ്ടെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്തണമെന്നതിനാൽ ആയത് പ്രാബല്യത്തിൽ വന്നിട്ടില്ലെന്നും പട്ടികയിലുൾപ്പെട്ട കുടുംബത്തിന് സഹായങ്ങൾ പൂർണ്ണമായും ലഭ്യമായിക്കഴിഞ്ഞാൽ അതിദാരിദ്ര്യത്തിൽ നിന്നും മുക്തിനേടി എന്ന നിഗമനത്തിലെത്താൻ കഴിയുമെന്നും അതിദരിദ്രരെ കണ്ടെത്തി സഹായങ്ങൾ നൽകുന്നതിന് കുടുംബശ്രീ ആവിഷ്കരിച്ച ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുള്ളവരെ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും ആശ്രയപദ്ധതിയിൽ ഉൾപ്പെട്ട എത്രപേർ ദാരിദ്ര്യത്തിൽ നിന്നും മുക്തരായിട്ടുണ്ടെന്നും എത്രപേർക്ക് തുടർസഹായം ആവശ്യമുണ്ടെന്നുമുള്ള കണക്കെടുപ്പ് നടത്തുവാൻ കുടുംബശ്രീയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിച്ചാൽ മാത്രമേ അതിദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതിയുടെ പ്രവർത്തനം പൂർണ്ണമാവുകയുള്ളൂവെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

അതീവ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് പുറപ്പെടുവിച്ച 16.07.2021-ലെ സർക്കാർ ഉത്തരവ്(കൈ) നം.145/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ അനുബന്ധത്തിൽ ചേർത്തിട്ടുള്ള അതി തീവ്രക്ലേശഘടകങ്ങൾ, തീവ്രക്ലേശഘടകങ്ങൾ എന്നിവയാണ് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലെ മുഖ്യമാനദണ്ഡങ്ങളെന്നും ഇതിലേയ്ക്കായി ഭക്ഷണ ലഭ്യത/ പോഷകാഹാരം, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നിവയും കൂടാതെ പട്ടികജാതി /പട്ടികവർഗ്ഗ കുടുംബങ്ങൾ, തീരദേശ മത്സ്യത്തൊഴിലാളികൾ, നഗരദരിദ്രർ തുടങ്ങിയ പ്രത്യേക സൂചകങ്ങളും അധിക മാനദണ്ഡങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മുൻകാലങ്ങളിലൊന്നും ഈ മാനദണ്ഡങ്ങൾ പ്രകാരം സർവ്വേ നടത്തിയിട്ടില്ലെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി.

കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ അന്വേഷണം നടത്തി ഒന്നിൽ കൂടുതൽ തവണ സൂക്ഷ്മ പരിശോധന നടത്തിയാണ് 64006 കുടുംബങ്ങളെ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിവിധ

വകുപ്പുകളുടെ ഏകോപനത്തോടെ 2025 നവംബർ 1-നകം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുകയെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം സാക്ഷാത്ക്കരിക്കത്തക്ക വിധത്തിലാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ മുമ്പോട്ട് പോകുന്നതെന്നും സമിതിയിലെ എക്സ് ഒഫിഷ്യോ അംഗം കൂടിയായ റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി വ്യക്തമാക്കി. വീടില്ലാത്തവരും ഭൂമിയും വീടുമില്ലാത്തവരുമായ അതിദരിദ്രർക്ക് അവർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരാണെങ്കിൽ മുൻഗണന ലഭിയ്ക്കുന്നുണ്ട്. ഭൂരഹിതരായവർക്ക് ഭൂമി കണ്ടെത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് റവന്യൂ വകുപ്പിനെകൂടി ഉൾപ്പെടുത്തി ഓരോ ജില്ലയിലും ഭൂരഹിതരായ അതിദരിദ്രരുടെ ലിസ്റ്റ് പ്രത്യേകമായി സമർപ്പിച്ചാൽ സീറോലാൻഡ് പദ്ധതി ഉൾപ്പെടെയുള്ളവയുടെ സാധ്യതകൾ പരിശോധിക്കുന്നതിന് അതത് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി അതിന്റെ പുരോഗതി പ്രത്യേകം വിലയിരുത്തുന്നതിന് സാധിക്കുന്നതാണെന്നും റവന്യൂ വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. അതിദാരിദ്ര്യ പട്ടികയിൽ മുൻപ് ഉൾപ്പെട്ടവരും പുതുതായി ഉൾപ്പെട്ടവരുമുൾപ്പെടെ രണ്ടു ഘട്ടങ്ങളായി 15492 പേർ ലൈഫ് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ച റവന്യൂ വകുപ്പുമന്ത്രി, ഭൂരഹിതർക്ക് നിലവിൽ ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിലും വാങ്ങി നൽകുന്നതിലും നേരിടുന്ന കാലതാമസവും ബുദ്ധിമുട്ടുകളും റവന്യൂ വകുപ്പു മുഖേന ഭൂമി കണ്ടെത്തുന്നതിനുള്ള നടപടിക്രമം സ്വീകരിക്കുന്നപക്ഷം ഒഴിവാക്കാനാവുന്നതും പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സാധിക്കുന്നതാണെന്നും അങ്ങനെ കണ്ടെത്തുന്ന ഭൂമിയിൽ വീടുവയ്ക്കാനുള്ള നടപടിക്രമം പ്രത്യേകമായി സ്വീകരിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു.

ഒരു പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്ത ഒരാൾക്ക് മറ്റൊരു മുനിസിപ്പാലിറ്റിയിലോ പഞ്ചായത്തിലോ ആണ് സ്ഥലം ലഭ്യമായതെങ്കിൽ അവർക്ക് അവിടത്തേയ്ക്ക് മാറ്റി കൊടുക്കാനും അവിടെനിന്നും സ്റ്റേജ്വൈസ് റിപ്പോർട്ട് നൽകാൻ സാധിക്കുന്ന തരത്തിലും ഗവൺമെന്റ് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം, അതിദരിദ്രർക്ക് വീട് വയ്ക്കുന്നതിന് ഭൂമി നൽകുന്നകാര്യത്തിലും ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ലൈഫ് പദ്ധതിയിലാണോ ഗുണഭോക്താവ് ഉൾപ്പെട്ടിട്ടുള്ളത് അവിടെ നിന്നും പണം അനുവദിക്കാനും, ഭൂമി ലഭ്യമായിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം വീടിന്റെ നിർമ്മാണ പുരോഗതി റിപ്പോർട്ട് ചെയ്യാനും നടപടി സ്വീകരിച്ചാൽ കൂടുതൽ ഗുണകരമായ രീതിയിൽ പാർപ്പിടം ലഭ്യമാക്കുവാൻ സാധിക്കുന്നതാണെന്നും കൂട്ടിച്ചേർത്തു.

അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട 1764 കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ലെന്ന റിപ്പോർട്ടിന്മേൽ വ്യക്തത വരുത്തുവാൻ സമിതി ആരാഞ്ഞതിന്, സേവനങ്ങൾ ആവശ്യമില്ലെന്ന് സ്വമേധയാ ആവശ്യപ്പെട്ടവർ, അതിദാരിദ്ര്യാവസ്ഥ മറികടന്നുവെന്ന് തദ്ദേശസ്ഥാപനങ്ങൾ രേഖാമൂലം അറിയിച്ചവർ, കുടുംബാംഗങ്ങളും ചില ഏജൻസികളും സംരക്ഷണചുമതല ഏറ്റെടുത്തവർ, സർവ്വേ സമയത്ത് കണ്ടെത്തിയവരും എന്നാൽ പിന്നീട് കണ്ടെത്തുവാൻ കഴിയാത്തവരുമായവർ (അലഞ്ഞുതിരിഞ്ഞു നടക്കുന്നവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയവർ) എന്നിവരുടെ മൈക്രോപ്ലാനാണ് തയ്യാറാക്കാൻ സാധിക്കാതെ വന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വിശദമാക്കി.

ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ ഇടപെടലിനെ തുടർന്ന് ബന്ധുക്കൾ സംരക്ഷണം ഏറ്റെടുക്കുകയും എന്നാൽ പിന്നീട് ഉപേക്ഷിക്കുകയും ചെയ്യുന്ന കേസുകളുണ്ടെന്നും അതുപോലെ അതിദരിദ്രരെ കണ്ടെത്തി ദരിദ്രാവസ്ഥയിൽ നിന്നും മോചിപ്പിച്ചാലും അവർ വീണ്ടും പഴയ അവസ്ഥയിലേക്ക് പോകുവാനുള്ള സാധ്യതയുണ്ടെന്നും വിലയിരുത്തിയ സമിതി, ഇക്കാര്യത്തിൽ സർക്കാരിന്റെ തുടർച്ചയായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടു.

അതിദരിദ്ര പട്ടികയിൽപ്പെട്ട ഏകാംഗകുടുബങ്ങൾക്കായി എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നതെന്ന് സമിതി ആരാഞ്ഞു. ഏകാംഗകുടുംബത്തിന് റേഷൻ കാർഡും മറ്റ് സഹായങ്ങളും നൽകുവാൻ സാധിക്കുന്ന കേസുകളിൽ അവ നൽകുന്നതാണെന്നും സ്വന്തമായി വീടോ ഐഡന്റിറ്റിയോ ഇല്ലാത്തവരാണെങ്കിൽ അവരെ ഏതെങ്കിലും ഷെൽട്ടർഹോമിൽ താമസിപ്പിക്കുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

ഏകാംഗകുടുംബങ്ങളിൽ വീട് അനിവാര്യമായിട്ടുള്ളവരെ കണ്ടെത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അങ്ങനെയുള്ളവർക്ക് വീട് നൽകുകയും അല്ലാത്തവർക്ക് ഷെൽട്ടർ ഹോമിൽ അഭയം നൽകാനുമാണ് നിർദ്ദേശം നൽകിയിരിക്കുന്നതെന്നും ചെയർമാൻ വ്യക്തമാക്കി.

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ 9-ാം വാർഡിലുള്ള 96 രോഗികളെ രോഗശമനത്തിനുശേഷം ഏറ്റെടുക്കാൻ ആരുമില്ലാത്ത അവസ്ഥയാണെന്നും അശരണരായ അവരെ ഷെൽട്ടർഹോമിൽ താമസിപ്പിക്കാൻ സ്ഥലപരിമിതിമൂലം സാധിക്കുന്നില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പദ്ധതിയിൽ ഷെൽട്ടർഹോമുകളുടെ കാര്യം കൂടി പരിഗണിക്കണമെന്നും സമിതിയംഗം ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ. യോഗത്തിൽ ആവശ്യപ്പെട്ടു, പ്രസ്തുത ആവശ്യം പരിശോധിക്കുന്നതിനും നിലവിൽ ഷെൽട്ടർഹോമുകളിൽ എത്രപേരെ താമസിപ്പിക്കുവാൻ സാധിക്കും എന്നുള്ളതിന്റെ വിശദമായ കണക്ക് സമിതിയ്ക്ക് നൽകണമെന്നും വകുപ്പിന് നിർദ്ദേശം നൽകി.

അന്യസംസ്ഥാനക്കാരെ അതിദാരിദ്ര്യ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, അന്യസംസ്ഥാനങ്ങളിൽ നിന്നും വന്ന് 5 വർഷത്തിൽ അധികമായി കേരളത്തിൽ സ്ഥിരതാമസമാക്കിയവരിൽ അതിദരിദ്രരായവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

സംസ്ഥാന സർവ്വേ പ്രകാരം കേരളത്തിലെ അതിദരിദ്രർ 0.65 ശതമാനം ആണെന്നും ഏറ്റവും കുറവ് അതിദരിദ്രരുള്ള ജില്ല കോട്ടയവും ഏറ്റവും കൂടുതലുള്ള ജില്ല വയനാടുമാണെന്നും 8553 അതിദരിദ്രരുള്ള മലപ്പുറം ജില്ല സംസ്ഥാനത്തെ മൊത്തം അതിദാരിദ്ര്യത്തിന്റെ 13.4 ശതമാനം പ്രതിനിധീകരിക്കുന്നുവെന്നും അഡീഷണൽ ചീഫ് സെക്രട്ടറി കൂട്ടിച്ചേർത്തു.

പട്ടികയിൽ ഉൾപ്പെട്ട 35% കുടുംബങ്ങൾ വരുമാന മാർഗ്ഗമില്ലാതെ കഷ്ടത അനുഭവിക്കുന്നവരാണ്. ഈ കുടുംബങ്ങൾക്കുവേണ്ടി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വരുമാനദായകമായ പ്രവർത്തനം ഏറ്റെടുക്കുവാൻ സാധിക്കുന്നവർക്ക് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും സഹായങ്ങൾ നൽകി വരുന്നുണ്ടെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. വരുമാനമില്ലാത്തവരിൽ ജോലി ചെയ്യുവാൻ ആരോഗ്യമുള്ളവർക്ക് കുടുംബശ്രീ, അയൽക്കൂട്ടം എന്നിവയിൽ മെമ്പർഷിപ്പും എൻ.ആർ.ഇ.ജി.എ. (നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗാരന്റി ആക്റ്റ്) ജോബ് കാർഡും നൽകുന്നുണ്ടെന്ന് സമിതി ചെയർമാനും വ്യക്തമാക്കി.

ശയ്യാവലംബിയായ കുടുംബാംഗങ്ങളെ പരിചരിക്കുന്നതു കാരണം ജോലിയ്ക്ക് പോകുവാൻ സാധിക്കാത്തവരുണ്ടെന്നും അത്തരം രോഗികളെ പരിചരിക്കുന്നതിനുള്ള ഒരു സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ഒരുക്കുകയാണെങ്കിൽ അവർക്ക് ജോലിക്ക് പോയി ഉപജീവനമാർഗ്ഗം പുനഃസ്ഥാപിക്കാൻ സാധിക്കുമെന്നതിനാൽ അത്തരത്തിലുള്ള ഒരു സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വെളിപ്പെടുത്തി. അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട 301 എയ്ഡ്സ് രോഗികൾക്ക് ചികിത്സ ഉൾപ്പെടെയുള്ള സേവനങ്ങൾ എയ്ഡ്സ് കൺട്രോൾ വഴിയാണ് നടപ്പിലാക്കി വരുന്നതെന്നും അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

വിവിധ വകുപ്പുകളുടെ സഹായത്തോടെ വളരെ ശാസ്ത്രീയമായി തയ്യാറാക്കിയ പദ്ധതികളിലൂടെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുമ്പോൾ കേരളത്തിന്റെ റേഷൻ സബ്സിഡിയിൽ കുറവ് വന്നേക്കാം എങ്കിലും അതിദാരിദ്ര്യനിർമ്മാർജ്ജനമാണ് ആത്യന്തികലക്ഷ്യമെന്നും ചെയർമാൻ അറിയിച്ചു.

വളരെ ശാസ്ത്രീയമായാണ് അതിദരിദ്രരുടെ എണ്ണം നിശ്ചയിച്ചിരിക്കുന്നത് എന്നതിന്റെ തെളിവാണ് നീതി ആയോഗിന്റെ കണക്കും കേരളം നടത്തിയ സർവ്വേയുടെ കണക്കും ഏതാണ്ട് യോജിച്ച് പോകുന്നതെന്ന് വിലയിരുത്തിയ സമിതി അതിദാരിദ്ര്യ നിർണ്ണയ പ്രവർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തി.

യോഗം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് അവസാനിച്ചു.

## 11.09.2023-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2023 സെപ്റ്റംബർ 11-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു.തദ്ദേശസ്വയംഭരണം എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗങ്ങളായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ, ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീമതി കാനത്തിൽ ജമീല
3. ശ്രീ. പി. ഉബൈദുള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീമതി ശാരദ മുരളീധരൻ ജി.,
   അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. അബ്ദുൾ നാസർ ബി., ഹൗസിംഗ് കമ്മീഷണർ & സെക്രട്ടറി,
   കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്
3. ശ്രീമതി ജോസഫൈൻ കെ., അഡീഷണൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്
4. ശ്രീ. ബാബു കെ., അഡീഷണൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.
5. ശ്രീമതി ഉമാദേവി എൽ. ഡി., ജോയിന്റ് സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ വകുപ്പ്.
6. ശ്രീ. ഹരികുമാർ കെ., ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
   തദ്ദേശസ്വയംഭരണ വകുപ്പ്.

7. ശ്രീ. മുഹമ്മദ് ഹ്ലൈവെസ് എച്ച്., ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡോ. ഹെബി വർഗ്ഗീസ്, ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം
9. ശ്രീമതി ജോസ്നാമോൾ എസ്., ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ശ്രീമതി സ്നേഹലത കെ., ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
11. കുമാരി ബീന വി. റ്റി., മെമ്പർ സെക്രട്ടറി, ന്യൂനപക്ഷ ക്ഷേമ കമ്മീഷൻ
12. ശ്രീ. അജിത്ത് എസ്., ഫിനാൻസ് ഓഫീസർ, ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്
13. ശ്രീ. ജയൻ ആർ., ചീഫ് ടെക്നിക്കൽ ഓഫീസർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം
14. ശ്രീ. മനോഹരൻ വി., ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

(ഫ.നം. 12961/സബ്.സി.ഡി1/2022/നി.സെ.)

താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടിപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(a) ഖണ്ഡിക നമ്പർ 32-34 (പൊതുഭരണ ന്യൂനപക്ഷക്ഷേമ വകുപ്പ്)
(സർക്കാർ കത്ത് നമ്പർ MW3/118/2022-GAD. തീയതി 03.07.2023)

(b) ഖണ്ഡിക നമ്പർ 3-14, 16, 18-20 (ഭവനനിർമ്മാണ വകുപ്പ്)
(സർക്കാർ കത്ത് നമ്പർ A4/47/2022-HSG. തീയതി 13.07.2023.)

(c) ഖണ്ഡിക നമ്പർ 21-30, 70-82 (തദ്ദേശസ്വയംഭരണ വകുപ്പ്)

(സർക്കാർ കത്ത് നമ്പർ 108/എഫ്.എം2/2022/ത.സ്വ.ഭ.വ. തീയതി 08.09.2023)

II. താഴെപ്പറയുന്ന കരട് റിപ്പോർട്ടുകൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

a) 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

b) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

യോഗം വൈകുന്നേരം 6.30 ന് അവസാനിച്ചു.

## 28.12.2023-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2023 ഡിസംബർ 28-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു.തദ്ദേശസ്വയംഭരണ- എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. എൻ. കെ. അക്ബർ (വീഡിയോ കോൺഫറൻസ് മുഖേന)
2. ശ്രീ. പി. ബാലചന്ദ്രൻ
3. ശ്രീമതി കാനത്തിൽ ജമീല
4. ശ്രീ. വി. കെ. പ്രശാന്ത്
5. ശ്രീ. പി. ഉബൈദുള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ (വഖഫ്) (ഇൻ-ചാർജ്)
2. ശ്രീ. പ്രണവ്ജ്യോതി നാഥ്, സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
3. ശ്രീമതി ഗീതാലക്ഷ്മി എം. ബി., അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. ആർ. സുരേഷ് ബാബു, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. ടി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
7. ശ്രീമതി ലീന എൻ. പി., ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡോ. എ. കൗശിഗൻ, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

9. ശ്രീ. നിസാമുദ്ദീൻ എ., മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.

10. ശ്രീ. പ്രമോദ് കുമാർ സി. പി., ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്

11. ശ്രീമതി ജോസ്നമോൾ എസ്., ജോയിന്റ് ഡയറക്ടർ,
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

12. ശ്രീ. ബാലചന്ദ്രൻ നായർ പി., ജോയിന്റ് ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.

13. ശ്രീമതി ബീന കെ. ബി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.

14. ഡോ. ശിവദുർഗ എസ്., ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

15. ഡോ. അജിത് എം. ജി., അസിസ്റ്റന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

16. ശ്രീമതി ജയശ്രീ പി. എൻ., അണ്ടർ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.

17. ശ്രീ. എസ്. രാജേന്ദ്രൻ, ചെയർമാൻ, തൊഴിലുറപ്പ് തൊഴിലാളി -
ക്ഷേമനിധി ബോർഡ്

I. സമിതിയുടെ പരിഗണനയ്ക്കായി ഗവൺമെന്റിൽ നിന്നും ലഭ്യമാക്കിയ താഴെപ്പറയുന്ന കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ എന്നിവ സമിതി പരിഗണിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1) <u>2023-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ചട്ടങ്ങൾ സംബന്ധിച്ച കരട് ചട്ടം</u>

(ഫയൽ നം. 21830/സബ്.ഡി.ഡി1/21/നി.സെ.)

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി കരട് ചട്ടം സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചു.

ബന്ധപ്പെട്ട ആക്ടിൽ 'സർക്കാർ' എന്ന പദം നിർവചിച്ചിട്ടുള്ളതിനാൽ ചട്ടത്തിൽ ആയത് ആവർത്തിക്കേണ്ടതില്ലെന്ന് നിരീക്ഷിച്ച സമിതി, ചട്ടം2(1)(സി) ഒഴിവാക്കുന്നതിനും കൂടാതെ ബോർഡിന്റെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരിക്കും എന്ന വ്യവസ്ഥ ചട്ടം 10-ൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും ബോർഡിൽ സെക്രട്ടറി എന്ന പദവി ഇല്ലാത്തതിനാലും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ് എന്ന് നിഷ്കർഷിക്കുന്ന ചട്ടം 9 ഒഴിവാക്കാനും പ്രസ്തുത നീക്കം ചെയ്യലുകൾക്കനുസൃതമായി ഉപവകുപ്പുകൾ/ ചട്ടങ്ങൾ പുനരക്കം ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

നിധിയിലേക്ക് സർക്കാർ നൽകേണ്ട തുക സംബന്ധിച്ച ചട്ടം 13(1)-ൽ തൊഴിലാളികൾ അടക്കേണ്ട അംശദായത്തിന് തുല്യമായ തുകയുടെ 50 ശതമാനം സംസ്ഥാന സർക്കാരും 50 ശതമാനം ബന്ധപ്പെട്ട തദ്ദേശസർക്കാരുകളും വഹിക്കേണ്ടതാണ് എന്ന വ്യവസ്ഥ ആക്ടിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന് നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി ചൂണ്ടിക്കാണിച്ചപ്പോൾ, ആയതിൽ വ്യക്തത വരുത്തി കരട് ചട്ടം വീണ്ടും പരിഗണിക്കാമെന്ന് സമിതി തീരുമാനിക്കുകയുണ്ടായി. ആയത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടാനും സമിതി നിർദ്ദേശിച്ചു.

2. <u>2023-ലെ കേരള പഞ്ചായത്ത് രാജ് (മൃഗാരോഗ്യസ്ഥാപനങ്ങൾക്കുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ (കരട്)</u>

(ഫയൽ നം. 21105/സബ്.സി.ഡി1/2023/നി.സെ.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166(1), 172(1), 173(1) എന്നീ വകുപ്പുകൾ പ്രകാരം പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട മൃഗാരോഗ്യസ്ഥാപനങ്ങളുടെ ശരിയായ പരിപാലനം, ആസൂത്രിത വികസനം, പ്രസ്തുത സ്ഥാപനം മുഖേന മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നിവ നിർവ്വഹിക്കുന്നതിലേക്കായി ചെയർമാൻ ഉൾപ്പെടെ 15 അംഗങ്ങളിൽ കവിയാത്ത ഒരു മാനേജിംഗ് കമ്മിറ്റിയുടെ രൂപീകരണം, ആയതിന്റെ ഘടന, അധികാരങ്ങൾ, ചുമതലകൾ, എന്നിവ നിശ്ചയിക്കുന്നതിനും ഫണ്ടിന്റെ സ്രോതസ്സുകളും ആയതിന്റെ വിനിയോഗവും നിർണ്ണയിക്കുന്നതിനും വേണ്ടിയാണ് പ്രസ്തുത ചട്ടങ്ങൾ രൂപീകരിക്കുവാൻ തീരുമാനിച്ചതെന്ന് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി ആമുഖമായി സമിതിയെ അറിയിച്ചു.

മൃഗാരോഗ്യസ്ഥാപനങ്ങൾക്കുള്ള മാനേജിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്ന അംഗങ്ങളെ സംബന്ധിച്ച് സമിതി വിശദമായി ചർച്ച ചെയ്തു. ചട്ടം 3(2) (ix) പ്രകാരം 'ഒരു മൃഗാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ഭരണപരമായ പ്രവർത്തനങ്ങളിലും, മൃഗക്ഷേമ പ്രവർത്തനങ്ങളിൽ പരിചയവും താൽപ്പര്യവും സാമൂഹ്യപ്രതിബദ്ധതയും സേവന സന്നദ്ധതയും ഉള്ള കർഷക പ്രതിനിധി, ക്ഷീരസംഘം പ്രസിഡന്റ്, ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ, അംഗീകൃത മൃഗക്ഷേമ സംഘടനയുടെ

പ്രതിനിധി, അതത് പഞ്ചായത്ത് പ്രദേശത്ത് അല്ലെങ്കിൽ സമീപപ്രദേശത്ത് അല്ലെങ്കിൽ മൃഗാരോഗ്യ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് താമസിക്കുന്നവരിൽ നിന്നും പഞ്ചായത്ത് ഏകകണ്ഠമായി തീരുമാനിച്ച് നാമനിർദ്ദേശം ചെയ്യുന്ന മൂന്നിൽ കവിയാത്ത വ്യക്തികൾ' എന്നിവർ ഉൾപ്പെടേണ്ടതാണെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു.

മൃഗാരോഗ്യ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ലോക്സഭാ അംഗത്തിനോ നിയമസഭാംഗത്തിനോ എപ്പോഴും മാനേജിംഗ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കാത്തതിനാൽ ചട്ടം 3(11)(i), 3(11)(ii) എന്നിവയിൽ യഥാക്രമം ലോക്സഭാംഗം/ലോക്സഭാംഗം നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധികൾ എന്നും നിയമസഭാംഗം/നിയമസഭാംഗം നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധികൾ എന്നിങ്ങനെ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

ആശുപത്രിയുടെ കാര്യത്തിൽ പാർക്കിംഗ് ഫീസ്, ലാബ് ഫീസ് എന്നിവ ആശുപത്രി ഡവലപ്മെന്റ് കമ്മിറ്റിയുടെ വരുമാനമായി വരുന്നതുപോലെ മൃഗാരോഗ്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ മൃഗാശുപത്രികളിലെ ഒ.പി.ചാർജ്, ലബോറട്ടറി ടെസ്റ്റ് ചാർജ്ജ് എന്നിവയെല്ലാം ആശുപത്രിയുടെ വരുമാനത്തിൽ ഉൾപ്പെടുമെന്ന് സമിതിയുടെ ചോദ്യത്തിനു മറുപടിയായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു.

മൃഗാരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നത് സംബന്ധിച്ചാണ് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നത് സുതാര്യമായ രീതിയിലും ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് മാനേജിംഗ് കമ്മിറ്റി ഏർപ്പെടുത്തുന്ന ഒരു സെലക്ഷൻ കമ്മിറ്റി അപേക്ഷകരുടെ യോഗ്യതാ നിർണ്ണയം നടത്തിയതിനുശേഷവും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിന് പഞ്ചായത്തിന്റെ അംഗീകാരം വാങ്ങിയതിനു ശേഷവുമായിരിക്കേണ്ടതാണെന്നാണ് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിന്റെ സാധ്യത സമിതി ആരാഞ്ഞപ്പോൾ

ആയത് പ്രായോഗികമല്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടി സമിതി വിലയിരുത്തുകയും ചട്ടത്തിൽ നിഷ്കർഷിക്കുന്ന രീതി അവലംബിക്കുന്നതായിരിക്കും അഭികാമ്യമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

തുടർന്ന് സമിതി താഴെപ്പറയുന്ന ഭേദഗതികളോടെ പ്രസ്തുത കരട് ചട്ടം അംഗീകരിച്ചു.

(1) ചട്ടം 3 ഉപചട്ടം (2) (viii) ന് താഴെ കുറിപ്പിന്റെ അവസാനം " കമ്മിറ്റിയിലെ ആകെ അംഗങ്ങളുടെ എണ്ണം 15-ൽ കവിയാൻ പാടില്ല" എന്ന ഭാഗം വിട്ടുകളയേണ്ടതാണ്.

(2) ചട്ടം 3 ഉപചട്ടം (3)-ൽ "വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ" എന്ന വാക്കുകൾക്ക് ശേഷം "അഥവാ ഈ മേഖലയുടെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

(3) ചട്ടം 3 ഉപചട്ടം (11)ലെ (i), (ii) എന്നിവ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തേണ്ടതാണ്.

"(i) മൃഗാരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ലോകസഭാംഗം/ലോകസഭാംഗം നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധി; "

(ii) "മൃഗാരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗം/നിയമസഭാംഗം നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധി; "

(4) ചട്ടത്തിൽ 'ആശുപത്രി വികസനഫണ്ട് ' എന്ന് വരുന്നിടത്തെല്ലാം 'മൃഗാരോഗ്യ സ്ഥാപന വികസനഫണ്ട് ' എന്ന് മാറ്റം വരുത്തുക.

(5) ചട്ടം 9-ന്റെ (4)-ാം ഉപചട്ടത്തിൽ "വർഷത്തിലൊരിക്കൽ ഒരു" എന്ന വാക്കുകൾക്ക് ശേഷം "അംഗീകൃത" എന്ന വാക്കും "ആഡിറ്റ് ചെയ്യിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "ആഡിറ്റിന് വിധേയമാക്കേണ്ടതാണ്" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

3. 2023-ലെ കേരള സ്റ്റേറ്റ് വഖഫ്(ഭേദഗതി)ചട്ടങ്ങൾ (എസ്.ആർ.ഒ.നം.783/2023)

(ഫയൽ നം. 14084/സബ്.സി.ഡി1/23/നി.സെ.)

ബന്ധപ്പെട്ട ആക്ടിലും ചട്ടങ്ങളിലും വിഭാവനം ചെയ്തിട്ടുള്ളതുപോലെ സമയബന്ധിതമായി വഖഫ് വസ്തുക്കളുടെ സർവ്വെ പൂർത്തീകരിക്കുന്നതിന് സർവ്വെ ജോലിയുമായി ബന്ധപ്പെട്ട സാങ്കേതിക പരിജ്ഞാനമുള്ള സർവ്വെ വകുപ്പിലെ തന്നെ സർവ്വെ സൂപ്രണ്ടുമാരെ അസിസ്റ്റന്റ് സർവ്വെ കമ്മീഷണർമാരായി നിയമിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും സർവ്വെയും ഭൂരേഖയും വകുപ്പിലെ സർവ്വെയർമാരെ ഏകോപിപ്പിച്ചുകൊണ്ട് വഖഫ് വസ്തുക്കളുടെ സർവ്വെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിലേയ്ക്കായി സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറെ ജോയിന്റ് സർവ്വെ കമ്മീഷണറായി നിയമിച്ചുകൊണ്ടുള്ള ഭേദഗതി ചട്ടമാണ് ഇതെന്നും പ്രസ്തുത കരട് ചട്ടം സമിതിയുടെ മുൻകൂർ പരിശോധനയ്ക്ക് സമർപ്പിക്കാതെ SRO പുറപ്പെടുവിച്ച നടപടി സാധൂകരിച്ച് നൽകണമെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയോട് ആവശ്യപ്പെട്ടു.

തുടർന്ന് സമിതി പ്രസ്തുത എസ്.ആർ.ഒ. പരിഗണിക്കുകയും സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

4. 2022-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ (SRO.No.628/2022)

(ഫയൽ നമ്പർ 18840/സബ്.സി.ഡി.1/2022/നി.സെ.)

5. 2023-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ (SRO.No.101/2023)

2023-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ (SRO.No.100/2023)

(ഫയൽ നമ്പർ 16567/സബ്.സി.ഡി.1/2023/നി.സെ.)

പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനങ്ങളും ആയതിനോടനുബന്ധമായി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ രേഖകളും സമിതി യോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത ചട്ടങ്ങൾക്ക് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

II. നിയമസഭ പാസ്സാക്കിയ താഴെപ്പറയുന്ന ആക്ടുകളിന്മേൽ ചട്ടങ്ങൾ തയ്യാറാക്കി ലഭ്യമാക്കാത്തത് സംബന്ധിച്ചും സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമായ ചട്ടങ്ങളുടെ പരിശോധനയ്ക്കായി ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാത്തത് സംബന്ധിച്ചും തദ്ദേശസ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

1. 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് - കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഫയൽ നം.2131/സബ്.സി.ഡി1/2022/നി.സെ.)

2. 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് - കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഫയൽ നം.2132/ സബ്.ഡി.ഡി1/2022/നി.സെ.)

പ്രസ്തുത ആക്ടുകളിന്മേലുള്ള ചട്ടങ്ങൾ ലഭ്യമാക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു, തെരഞ്ഞെടുപ്പുമായും കെട്ടിട നിർമ്മാണവുമായും ബന്ധപ്പെട്ട ചില ഭേദഗതികൾ കൊണ്ടുവരുന്നതിന് 2020-ൽ ഓർഡിനൻസുകൾ പുറപ്പെടുവിച്ചുവെന്നും പ്രസ്തുത ഓർഡിനൻസുകളിന്മേൽ 2021-ലാണ് ആക്ടുകൾ പാസ്സാക്കിയതെന്നും ഓർഡിനൻസുകൾക്ക് കീഴിൽ തന്നെ ചട്ടം രൂപീകരിച്ചിരുന്നുവെന്നും ആക്ടിന്റെ കീഴിൽ പുതിയതായി ചട്ടം രൂപീകരിക്കണമോയെന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതിനായി നിയമവകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായതിൽ, മാറ്റങ്ങളൊന്നും വരുത്താത്ത സാചര്യത്തിൽ ആക്ടിന്റെ കീഴിൽ പുതിയതായി ചട്ടം രൂപീകരിക്കേണ്ടതില്ലെന്ന നിയമോപദേശം വകുപ്പ് നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി വിജ്ഞാപനം ചെയ്തിട്ടുള്ളതായി പറയുന്ന എസ്.ആർ.ഒ.കൾ സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കിയിട്ടില്ല. എസ്.ആർ.ഒ.കൾ നാളിതുവരെ സമിതിയുടെ സാധൂകരണത്തിന് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാനുള്ള ജാഗ്രത വകുപ്പ് പുലർത്തണമെന്നും 31.12.2023-ന് മുമ്പ്

എസ്.ആർ.ഒ.കൾ സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കണമെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി. പ്രസ്തുത സമയപരിധിക്കുള്ളിൽ എസ്.ആർ.ഒ.കൾ ലഭ്യമാക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകുകയും ചെയ്തു.

3. 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട്- കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

(ഫയൽ നം.12446/സബ്.സി.ഡി1/2021/നി.സെ.)

പ്രസ്തുത ആക്ടിന്മേലുള്ള കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച കാരണം സമിതി ആരാഞ്ഞപ്പോൾ, ഗ്രീൻ ബിൽഡിംഗിന്റെ കാര്യത്തിൽ 25.02.2022 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും നിർമ്മാണങ്ങൾക്കുള്ള ഗ്രീൻ റേറ്റിംഗ്, ആയതിന്റെ നടപടിക്രമങ്ങളുടെ മാനദണ്ഡങ്ങൾ എന്നിവയെല്ലാം പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇവയെല്ലാം ബിൽഡിംഗ് റൂൾസിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ആക്ടിൻമേൽ ചട്ടങ്ങൾ രൂപീകരിക്കേണ്ടതില്ലെന്ന വിവരം തദ്ദേശസ്വയംഭരണ ചീഫ് ടൗൺ പ്ലാനർ സമിതിയെ അറിയിച്ചു. തുടർന്ന് സമിതി, ചട്ടങ്ങൾ രൂപീകരിക്കേണ്ടതില്ലെങ്കിൽ ആയത് സംബന്ധിച്ച വിവരം രേഖപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് അടിയന്തരമായി സമിതിയ്ക്ക് ലഭ്യമാക്കണമെന്ന നിർദ്ദേശം വകുപ്പിന് നൽകുകയും ചെയ്തു.

4. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175 (1) പ്രകാരം രൂപീകരിക്കേണ്ട ചട്ടങ്ങൾ രൂപീകരിക്കാത്തത് സംബന്ധിച്ച് ചട്ടം 303 പ്രകാരം ശ്രീ. യു.എ. ലത്തീഫ്, എം.എൽ.എ. സഭയിൽ ഉന്നയിച്ച ക്രമപ്രശ്നം

(ഫയൽ നം.17295/സബ്.സി.ഡി.1/2021/നി.സെ.)

പ്രസ്തുത ചട്ടങ്ങൾ രൂപീകരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇതുവരെയും ചട്ടങ്ങൾ തയ്യാറാക്കി വകുപ്പിന് ലഭ്യമാക്കിയിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സ്പീക്കറുടെ റൂളിംഗ് പ്രകാരമുള്ള കരട് ചട്ടം തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും കരട് ചട്ടം തയ്യാറാക്കി ഡിസംബർ 31-നകം സമിതിക്ക് സമർപ്പിക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു.

5. 2023-ലെ കേരള ധനകാര്യ 2-ാം നമ്പർ ആക്ട് (കേരള പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ടുകളുമായി ബന്ധപ്പെട്ട ഭേദഗതികൾ) - കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്)

(ഫയൽ നം. 10521/സബ്.സി.ഡി1/2023/നി.സെ.)

Instant Registration-ന്റെ കാര്യത്തിൽ കേരള ബിൽഡിംഗ് ടാക്സ് ആക്റ്റിലും കേരള സ്റ്റാമ്പ് ആക്റ്റിലും പ്രോപർട്ടി ടാക്സ് ആക്റ്റിലും ഭേദഗതി ആവശ്യമുണ്ടെന്നും പ്രസ്തുത ആക്ടിൻമേലുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് ഡിസംബർ 31-നകം സമിതിക്ക് ലഭ്യമാക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിക്ക് ഉറപ്പ് നൽകി.

6. 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ (SRO No. 828/19) 2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (SRO No. 829/2019)

(ഫയൽ നമ്പർ 627/സബ്.സി.ഡി1/2020/നി.സെ.)

ബഹു. സ്പീക്കറുടെ 12.02.2020-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ മലയാളത്തിൽ തയ്യാറാക്കി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ട് ആയത് നാളിതുവരെ ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി കാരണം ആരാഞ്ഞു. ചട്ടങ്ങൾ മലയാളത്തിൽ തയ്യാറാക്കി പ്രിന്റിംഗിന് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാക്കി സമിതിയുടെ പരിഗണനയ്ക്ക് അടിയന്തരമായി സമർപ്പിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

7. Kerala Places of Public Resort (Amendment) Rules, 2022( SRO No. 199/22)-സാധൂകരിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 15073/സബ്.സി.ഡി1/2022/നി.സെ.)

8. 2022ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പ്ശാലകളും ഇറച്ചിക്കടകളും) ഭേദഗതി ചട്ടങ്ങൾ (SRO No. 600/2022)

2022-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ (SRO No. 606/2022)

2022-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ഭേദഗതി ചട്ടങ്ങൾ (SRO No. 607/2022)

(ഫയൽ നമ്പർ 18565/സബ്.സി.ഡി1/2022/നി.സെ.)

പ്രസ്തുത എസ്.ആർ.ഒ.കൾ പരിഗണിക്കുന്നതിനാവശ്യമായിട്ടുള്ള വിശദീകരണക്കുറിപ്പ്, കാലതാമസപത്രിക, മൂലചട്ടം എന്നിവ ലഭ്യമാക്കാത്തത് സംബന്ധിച്ച കാരണം ആരായുകയുണ്ടായപ്പോൾ പ്രസ്തുത രേഖകൾ അടിയന്തരമായി ലഭ്യമാക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി.

യോഗം ഉച്ചയ്ക്കുശേഷം 3.30-ന് അവസാനിച്ചു.

## 01.02.2024-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2024 ഫെബ്രുവരി 1-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു.തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീമതി കാനത്തിൽ ജമീല
3. ശ്രീ. എ. സി. മൊയ്തീൻ
4. ശ്രീ. വി. കെ. പ്രശാന്ത്
5. ശ്രീ. റോജി എം. ജോൺ
6. ശ്രീ. പി. ഉബൈദുള്ള
7. ശ്രീ. ടി. ജെ. വിനോദ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീമതി ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി ഗീതാലക്ഷ്മി എം. ബി., അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി പ്രീത കെ. എസ്., അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

6. ശ്രീമതി ജോസ്നമോൾ എസ്., ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
7. ശ്രീ. സുബോധ് എസ്., ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് (KSWMP)

**2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവയുടെ പരിഗണന**

(ഫയൽ നം. 17381/സബ്.സി.ഡി1/2024/നി.സെ.)

പ്രസ്തുത ബില്ലുകൾ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ യൂസർ ഫീ അടച്ചാൽ മാത്രമേ ലഭിക്കുകയുള്ളൂവെന്ന ഭേദഗതി പുനഃപരിശോധിക്കണമെന്ന സമിതി അംഗത്തിന്റെ ആവശ്യത്തിന്മേൽ, കേരള മുൻസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 443 പ്രകാരം വസ്തുക്കരം ഒടുക്കിയാൽ മാത്രമേ ലൈസൻസ് പുതുക്കി നൽകുകയുള്ളൂവെന്നും അതുപോലെയാണ് ഇവിടെയും ചെയ്തിട്ടുള്ളതെന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനാണ് യൂസർഫീ ഏർപ്പെടുത്തിയിട്ടുള്ളതെന്നും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ടതാണെന്നും അജൈവ മാലിന്യങ്ങൾ ഒരു വ്യക്തിക്ക് സ്വന്തമായി സംസ്കരിക്കുവാൻ കഴിയില്ലെന്നും കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസിൽ യൂസർഫീ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും അതുകൊണ്ട് യൂസർഫീ ഒടുക്കുന്നതിൽ ഇളവ് അനുവദിക്കേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ലെന്നും സമിതി ചെയർമാൻ അറിയിച്ചു. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനം തീരുമാനിക്കുന്നവർക്ക് യൂസർഫീ ഇളവ് ചെയ്ത് നൽകാമെന്നും ഇളവ് നൽകുമ്പോൾ ഇളവ് നൽകുന്ന അത്രയും തുക തദ്ദേശസ്വയംഭരണ സ്ഥാപനം ഗ്യാപ് ഫണ്ടായി ഹരിതകർമ്മസേനയ്ക്ക് നൽകേണ്ടതായി വരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്ലാന്റിന്റെ നടത്തിപ്പിൽ വീഴ്ചയുണ്ടായാൽ സ്വകാര്യ ഏജൻസിയാണെങ്കിൽ കരാർ റദ്ദ് ചെയ്യാനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്ലാന്റുകൾ കൂടുതലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് നടത്തുന്നതെന്നും അതിൽ വീഴ്ച വരുത്തിയാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു തന്നെയാണ് അതിന്റെ

ഉത്തരവാദിത്വമെന്നും സമിതിയംഗങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായി തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

തുടർന്ന് സമിതി, പ്രസ്തുത ബില്ലുകൾ ഭേദഗതി കൂടാതെ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

പ്രസ്തുത ബില്ലുകളിലെ വ്യവസ്ഥകളിന്മേൽ സമിതിയംഗങ്ങളായ സർവ്വശ്രീ. റോജി. എം. ജോൺ, പി. ഉബൈദുള്ള, ടി. ജെ. വിനോദ് എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തുകയും ആയതു സംബന്ധിച്ചുള്ള കുറിപ്പ് സമിതിയ്ക്ക് സമർപ്പിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 4.20-ന് അവസാനിച്ചു.

## 22.02.2024-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX, 2024 ഫെബ്രുവരി 22-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ മന്ദിരത്തിലെ '610-ാം' നമ്പർ സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാൻ ബഹു.തദ്ദേശസ്വയംഭരണ- എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് വീഡിയോ കോൺഫറൻസിലൂടെ അദ്ധ്യക്ഷത വഹിച്ച പ്രസ്തുത യോഗത്തിൽ, താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീ. എ. സി. മൊയ്തീൻ
3. ശ്രീ. വി. കെ. പ്രശാന്ത്
4. ശ്രീ. പി. ഉബൈദുള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽകുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. എം. ജി. രാജമാണിക്യം, പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ഡോ. ജോയി ഇളമൺ, ഡയറക്ടർ ജനറൽ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA).
3. ശ്രീ. പി. വിഷ്ണുരാജ്, ഡയറക്ടർ, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ ആന്റ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റ് (PIEMD).
4. ഡോ. ദിവ്യ എസ്. അയ്യർ, ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
5. ശ്രീ. ശ്രീകുമാർ ബി., ഡയറക്ടർ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
6. ശ്രീ. അലക്സ് വർഗ്ഗീസ്, ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്.

7. ശ്രീമതി ഒലീന എ.ജി., ഡയറക്ടർ, കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി.

8. ശ്രീ. പി. ബി. നൂഹ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

9. ശ്രീ. കെ. മുഹമ്മദ് വൈ. സഫറുള്ള, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

10. ശ്രീമതി ഷൈനി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

11. ശ്രീ. ജി. അനിൽ കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

12. ശ്രീ. പി. അനിൽ പ്രസാദ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

13. ശ്രീ. പി. ബാലചന്ദ്രൻ നായർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

14. ശ്രീ. നിസ്സാമുദ്ദീൻ എ., മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

15. ശ്രീ. പ്രമോദ് കുമാർ സി. പി., ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്.

16. ശ്രീ. ജാഫർ മാലിക്, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

17. ശ്രീ. യു. വി. ജോസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ.

18. ശ്രീ. അജിത്കുമാർ എം. പി., അഡീഷണൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

19. ശ്രീമതി ഡി. സുധ, എംപവേർഡ് ഓഫീസർ ആന്റ് അഡീഷണൽ ഡയറക്ടർ,കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി.

20. ശ്രീമതി ശോഭ വി. ആർ. ജോയിന്റ് സെക്രട്ടറി, ധനകാര്യ (ബഡ്ജറ്റ് വിംഗ്) വകുപ്പ്.

21. ശ്രീ. സുകതൻ ഡബ്ല്യൂ. ജെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

22. ശ്രീ. ഹരികുമാർ കെ., ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്.

23. ശ്രീമതി ബെനില ബ്രൂണോ, ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

24. ശ്രീമതി മായ എസ്., ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

25. ശ്രീ. സിജോ വി. എസ്., മുനിസിപ്പൽ ഫിനാൻസ് എക്സ്പെർട്ട്, അമൃത് കേരള.

26. ശ്രീമതി ലേഖ എ., സീനിയർ ഫിനാൻസ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്.

27. ശ്രീമതി ആർ. ഗിരിജ ദേവി, ഫിനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ.

28. ശ്രീ. വി. അജയകുമാർ, ചീഫ് ഫിനാൻസ് ഓഫീസർ, കുടുംബശ്രീ.

29. ശ്രീമതി ബിനു എം. സായനി, ഫിനാൻസ് ഓഫീസർ, കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി.

30. ശ്രീ. നെൽസൺ ജെ., ഫിനാൻസ് ഓഫീസർ, ലൈഫ് മിഷൻ.

31. ശ്രീ. ഷിജു ജോസ്, ഫിനാൻസ് ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്.

32. ശ്രീമതി സജിന സത്താർ, അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

33. ശ്രീ. ജഹാംഗീർ എസ്., പ്രോഗ്രാം ഓഫീസർ, കുടുംബശ്രീ.

34. ശ്രീ. എം. എ. മസൂം, സീനിയർ ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്.

35. ശ്രീ. കൃപാൽ എ. ആർ., ഫിനാൻഷ്യൽ കൺട്രോളർ, കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി.

36. ശ്രീ.നെൽസൺ ജെ., പ്രോഗ്രാം മാനേജർ (ഫിനാൻസ്), ലൈഫ് മിഷൻ.

37. ശ്രീമതി ഇന്ദു എസ്., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, നവകേരളം കർമ്മ പദ്ധതി.

38. ശ്രീ. സജീന്ദ്ര ബാബു ജെ, ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ.

39. ശ്രീ. എബ്രഹാം കോശി, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നവകേരളം പദ്ധതി.

സമിതി, 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽവരുന്ന XXII, XXVIII, XXXV, XXXVI എന്നീ ധനാഭ്യർത്ഥനകളിന്മേൽ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ശിപാർശകൾ/ നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന XXII – നഗരവികസനം**

**2217-05-001-61 - എൽ.എസ്.ജി.ഡി ജോയിന്റ് ഡയറക്ടറുടെ കാര്യാലയം ടൗൺ പ്ലാനിംഗ്**

**05-2- വൈദ്യുതി ചെലവ്**

എൽ.എസ്.ജി.ഡി. ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-05-191-48 (16-21) - കേന്ദ്രാവിഷ്കൃതപദ്ധതികൾക്കുള്ള ബ്ലോക്ക്ഗ്രാന്റ്**

**2217-05-192-48 (15-20) - കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക്ഗ്രാന്റ്**

പ്രധാനമന്ത്രി ആവാസ് യോജന (നഗരം) ലൈഫ് പദ്ധതി മുഖേന അംഗീകാരം ലഭ്യമായ 131757 വീടുകളിൽ 85285 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ബാക്കി വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കേന്ദ്ര നിർദ്ദേശ പ്രകാരം 2024 ഡിസംബറിനു മുൻപ് അംഗീകാരം ലഭിച്ച എല്ലാ ഭവനങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കേണ്ടതിനാൽ കേന്ദ്രവിഹിതമായ 229.3275 കോടി രൂപയും സംസ്ഥാന വിഹിതമായ 76.4425 കോടി രൂപയും ചേർത്ത് ആകെ 305.77 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-05-191-48 (29-30) – കേന്ദ്രാവിഷ്കൃതപദ്ധതികൾക്കുള്ള ബ്ലോക്ക്ഗ്രാന്റ്**

**2217-05-192-48 (25-28) – കേന്ദ്രാവിഷ്കൃതപദ്ധതികൾക്കുള്ള ബ്ലോക്ക്ഗ്രാന്റ്**

2024-25 സാമ്പത്തിക വർഷത്തിൽ നഗരങ്ങളിലെ ജലഭദ്രത, ജലാശയങ്ങളുടെ പുനരുജ്ജീവനം, അമൃത് നഗരങ്ങളിൽ സമ്പൂർണ്ണ ദ്രവമാലിന്യ സംസ്കരണം എന്നിവ ലക്ഷ്യമിട്ട് അമൃത് 2.0 നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ

വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായി 165.5403 കോടി രൂപയും സംസ്ഥാന വിഹിതമായി 523.4379 കോടി രൂപയും ചേർത്ത് ആകെ 688.9782 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-05-191-48 – കേന്ദ്രാവിഷ്കൃതപദ്ധതികൾക്കുള്ള ബ്ലോക്ക്ഗ്രാന്റ്**

**(40) സ്വച്ഛ് ഭാരത് മിഷൻ (നഗരം) (60% കേന്ദ്രവിഹിതം) - ഖരമാലിന്യ സംസ്കരണം -കോർപ്പറേഷൻ - കേന്ദ്രവിഹിതം**

**(41) സ്വച്ഛ് ഭാരത് മിഷൻ (നഗരം) (60% കേന്ദ്രവിഹിതം) - ഖരമാലിന്യ സംസ്കരണം -കോർപ്പറേഷൻ - സംസ്ഥാനവിഹിതം**

**2217-05-192-48 – കേന്ദ്രാവിഷ്കൃതപദ്ധതികൾക്കുള്ള ബ്ലോക്ക്ഗ്രാന്റ്**

**(36) സ്വച്ഛ് ഭാരത് മിഷൻ (നഗരം) (60% കേന്ദ്രവിഹിതം) - ഖരമാലിന്യ സംസ്കരണം -മുനിസിപ്പാലിറ്റി - സംസ്ഥാനവിഹിതം**

**(37) സ്വച്ഛ് ഭാരത് മിഷൻ (നഗരം) (60% കേന്ദ്രവിഹിതം) - ഖരമാലിന്യ സംസ്കരണം -മുനിസിപ്പാലിറ്റി - സംസ്ഥാനവിഹിതം**

സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതി മുഖേന ഖര, ദ്രവ മാലിന്യസംസ്കരണത്തിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ കേന്ദ്ര വിഹിതമായി 18 കോടി രൂപയും. സംസ്ഥാന വിഹിതമായി 12 കോടി രൂപയും ചേർത്ത് ആകെ 30 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-05-192-48 – കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്**

**(42) അമൃത് 2.0-ന് കീഴിൽ പട്ടണങ്ങളിൽ ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുന്നതിനുള്ള പിന്തുണാപദ്ധതി-അധിക സംസ്ഥാന സഹായം**

അമൃത് 2.0 പദ്ധതിയുടെ കീഴിൽ നഗരങ്ങൾക്കായി GIS അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാൻ രൂപീകരണത്തിനും കപ്പാസിറ്റി

ബിൽഡിംഗിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 37 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-80-001-90 – <u>പ്രിൻസിപ്പൽ ഡയറക്ടറേറ്റ് എൽ.എസ്.ജി.ഡി എസ്റ്റാബ്ലിഷ്മെന്റ് (അർബൻ)</u>**

**04 - <u>യാത്രാ ചെലവുകൾ</u>**

**4 - <u>അവധിയാത്രാനുകൂല്യം</u>**

എൽ.എസ്.ജി.ഡി യുടെ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അർബൻ എസ്റ്റാബ്ലിഷ്മെന്റ് ഹെഡിലേയ്ക്ക് നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-80-001-89– <u>എൽ.എസ്.ജി.ഡി ജോയിന്റ് ഡയറക്ടറുടെ ഓഫീസ് അർബൻ എസ്റ്റാബ്ലിഷ്മെന്റ്</u>**

**97 - <u>വാഹനങ്ങളുടെ വാടക</u>**

ജോയിന്റ് ഡയറക്ടറുടെ ഓഫീസ് ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്കെടുക്കുന്നതിന് 6 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-80-003-99 – <u>നഗര ഗ്രാമാസൂത്രണത്തിൽ ഉദ്യോഗസ്ഥൻമാർക്കും അപ്രന്റീസുകൾക്കും പരിശീലനം നൽകൽ</u>**

**34 - <u>മറ്റു ചെലവുകൾ</u>**

തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾക്കായും, സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്കുള്ള പ്രത്യേക ട്രെയിനിംഗിനും അപ്രന്റീസുകൾക്കുള്ള പരിശീലനത്തിനുമായും നിലവിലെ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-80-800-82 - <u>ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ</u>**

ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ അസിസ്റ്റന്റ്, ആർക്കിടെക്ട് എന്നിവരുടെ ശമ്പള ഇനത്തിൽ 6,14,100/- രൂപയും ആർട്ട് & ഹെറിറ്റേജ് കമ്മീഷനിലെ അനൗദ്യോഗിക അംഗങ്ങളുടെ സിറ്റിങ് ഫീസിനും, ടി.എ, ഡി.എ, വാഹന വാടക മുതലായവയ്ക്കുമായി 1 ലക്ഷം രൂപയും Updating and Grading of the Heritage of Kerala Series, Preparation of brochures and Documentation of selected streets (താഴത്തങ്ങാടി) എന്നിവയ്ക്കായി 5,00,000/- രൂപയും ആർട്ട് & ഹെറിറ്റേജ് കമ്മീഷനുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾക്കായി 35,900/- രൂപയും ഉൾപ്പെടെ ആകെ, 12,50,000/- രൂപ ആവശ്യമുണ്ട്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 6.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-80-800-76- <u>അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി</u>**

അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ 60 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നു. ഒരു തൊഴിൽ ദിനം സൃഷ്ടിക്കുന്നതിന് 333/- രൂപ ആവശ്യമായിട്ടുണ്ട്. ആയതിനാൽ മേൽ ശീർഷകത്തിൽ 35 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-80-800-71 - <u>ശുചിത്വ കേരളം നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ സംവിധാനം</u>**

നഗരസഭാ സ്ഥാപന പരിധിയിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സിറ്റി സോളിഡ് വേസ്റ്റ് ആക്ഷൻ പ്ലാൻ, സിറ്റി സാനിറ്റേഷൻ ആക്ഷൻ പ്ലാൻ ഐ.ഇ.ഡി, സി.ബി. മുതലായ ഘടകങ്ങൾക്ക് കേന്ദ്ര വിഹിതം ഉൾപ്പെടെ 343.62 കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും 92 കോടി രൂപയാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുക നഗരസഭകൾക്ക് അധികം കണ്ടെത്തേണ്ടതിനാൽ ബഡ്ജറ്റിലെ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2217-80-800-62 - <u>ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയ്ക്കുള്ള സഹായധനം</u>**

ലൈഫ് പി.എം.എ.വൈ (അർബൻ) ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിക്കുന്നതിനായി ഹഡ്കോ അനുവദിച്ച തുകയ്ക്കുള്ള പലിശ ഒടുക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 7.72 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4217-60-051-91– <u>പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്കുള്ള കെട്ടിട നിർമ്മാണം</u>**

2024-25 സാമ്പത്തിക വർഷത്തിൽ പന്തളം, പരപ്പനങ്ങാടി, മാനന്തവാടി, കൊടുവള്ളി, മുനിസിപ്പാലിറ്റികളിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനും ഇപ്പോൾ നടക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXXV – പഞ്ചായത്ത്

**2515-00-001-86- <u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ക്വാളിറ്റി മെക്കാനിസം, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയുടെ വിപുലപ്പെടുത്തൽ.</u>**

തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ക്രമീകരിക്കുന്നതിനായി Quality Control Lab, e-M. book മുതലായവ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 2.9 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 2515-00-001-83- ജോയിന്റ് ഡയറക്ടറുടെ ഓഫീസ്-എൽ.എസ്.ജി.ഡി-എസ്റ്റാബ്ലിഷ്മെന്റ്-റൂറൽ

**06-വാടക, കരം, നികുതി**

ജോയിന്റ് ഡയറക്ടറുടെ ഓഫീസിലെ വാടക, കരം, നികുതി എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 14 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 2515-00-001-82- ജോയിന്റ് ഡയറക്ടറുടെ ഓഫീസ്-എൽ.എസ്.ജി.ഡി-എഞ്ചിനീയറിംഗ്

**01-ശമ്പളം-4-മെഡിക്കൽ റീഇംബേഴ്സ്മെന്റ്**

ജോയിന്റ് ഡയറക്ടറുടെ എഞ്ചിനീയറിംഗ് വിഭാഗത്തിനുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 7 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 4515-00-800-98- പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള ധനസഹായം

സംസ്ഥാനത്തെ 1425 കി.മീ. റോഡാണ് പി.എം.ജി.എസ്.വൈ-3 ൽ അനുവദിച്ചിരിക്കുന്നത്. അതിൽ 1280.984 കി.മീ നീളത്തിൽ 255 റോഡുകൾക്ക് അംഗീകാരം ലഭിച്ചു. അവശേഷിക്കുന്ന 159.861 കി.മീ (33 റോഡുകൾ), 12 Long span bridge എന്നിവയ്ക്ക് ഡി.പി.ആർ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായ 113.5440 കോടി രൂപയും സംസ്ഥാന വിഹിതമായ 75.6960 കോടി രൂപയും ഉൾപ്പെടെ ആകെ 189.24 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4515-00-800-98- <u>പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള ധനസഹായം</u>**

**<u>03-അധിക സംസ്ഥാന വിഹിതം</u>**

പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന പദ്ധതിക്കുള്ള വിഹിതത്തിനു പുറമെ, എസ്റ്റിമേറ്റ് തുകയ്ക്ക് മുകളിൽ വരുന്ന ദർഘാസ് പ്രീമിയം, സാധനസാമഗ്രികൾ മാറ്റിസ്ഥാപിക്കൽ, ഗുണനിലവാര പരിശോധന, ബാധ്യതാ കാലയളവ് പൂർത്തീകരിച്ച പി.എം.ജി.എസ്.വൈ. റോഡുകളുടെ അറ്റകുറ്റപ്പണികൾ, പ്രകൃതിക്ഷോഭം മൂലം തകർന്ന റോഡുകൾ എന്നിവയ്ക്ക് വേണ്ടിവരുന്ന ചെലവുകൾ സംസ്ഥാന സർക്കാർ കണ്ടെത്തേണ്ടതായിട്ടുള്ളതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ, മേൽ ശീർഷകത്തിൽ 25.96 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXXVI – ഗ്രാമവികസനം

**2501-01-196-48- <u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്</u>**

**(03) ജില്ലാപഞ്ചായത്തുകളിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിനുള്ള ഒറ്റത്തവണ സംസ്ഥാന സഹായം (മുൻപ് ജില്ലാ ഗ്രാമവികസന ഏജൻസികൾ)**

സംസ്ഥാനത്തെ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്കുള്ള ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും കൂടാതെ കറന്റ് ചാർജ്ജിനും കെട്ടിടവാടക തുടങ്ങിയ അനിവാര്യ ഓഫീസ് ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 5.665 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2501-06-796-98 - <u>പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്. എസ്)</u>**

**(01)പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ ഗ്രാമീണ) പട്ടികവർഗ്ഗ ഉപപദ്ധതി (60% സി.എസ്.എസ്) കേന്ദ്രവിഹിതം**

PM-JANMAN പദ്ധതി പ്രകാരം 752 വീടുകൾ കേന്ദ്രഗ്രാമ വികസന മന്ത്രാലയം

അനുവദിച്ചതിന് കേന്ദ്ര വിഹിതമായി 902.24 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 601.60 ലക്ഷം രൂപയും അനുവദിക്കേണ്ടതുണ്ട്. പ്രസ്തുത വീടുകൾ 2024-25 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കുന്നതിന് കേന്ദ്ര വിഹിതമായി 6.9140 കോടി രൂപയും സംസ്ഥാന വിഹിതമായി 4.6093 കോടി രൂപയും ചേർത്ത് ആകെ 11.5233 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2505-02-101-99 - <u>മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (100% സി.എസ്.എസ്)</u>**

**(01) ഭരണപരമായ ചെലവുകൾ-കേന്ദ്ര വിഹിതം**

**(02) ഭരണപരമായ ചെലവുകൾ അധിക സംസ്ഥാന സഹായം**

**(04) ഫെസ്റ്റിവൽ അലവൻസ് വിതരണം ചെയ്യുന്നതിനുള്ള അധിക സംസ്ഥാന സഹായം**

**(05) ക്ലസ്റ്റർ ഫെസിലിറ്റേഷൻ പ്രോജക്ട് (സി.എഫ്.പി)-കേന്ദ്ര വിഹിതം**

**(06) അവിദഗ്ധ തൊഴിലാളികളുടെ കൂലി-കേന്ദ്ര വിഹിതം**

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനും 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്ന കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് അനുവദിക്കുന്ന ഫെസ്റ്റിവൽ അലവൻസിനും സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 62.2735 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**<u>എം.ജി.എൻ.ആർ.ഇ.ജി.പി.യ്ക്ക് കീഴിലുള്ള തൊഴിലില്ലായ്മ വേതനം നൽകൽ - സംസ്ഥാന പദ്ധതി</u>**

തൊഴിലാവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ അനുവദിച്ചു നൽകുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായാൽ തൊഴിലാളികൾക്ക് തൊഴിലില്ലായ്മ വേതനം അനുവദിച്ച് കൊടുക്കേണ്ടതായുണ്ട്. ആയതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ 2505-02-101-92 എന്ന

ശീർഷകത്തിൽ 1 ലക്ഷം രൂപ പദ്ധതിയിനത്തിൽ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**എം.ജി.എൻ.ആർ.ഇ.ജി. പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരം**

തൊഴിലാളികൾക്ക് 15 ദിവസത്തിനുള്ളിൽ വേതനം അനുവദിച്ച് നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ തൊഴിലുറപ്പ് നിയമ പ്രകാരം നഷ്ടപരിഹാരം നൽകേണ്ടതുണ്ട്. അതിനാൽ സംസ്ഥാനം നൽകേണ്ട കാലതാമസ നഷ്ടപരിഹാരത്തിന്റെ മുൻകൂർ പെയിമെന്റിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 2505-02-101-91 എന്ന ശീർഷകത്തിൽ ആയതിൽ 1 ലക്ഷം രൂപ പദ്ധതിയിനത്തിൽ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 2515-00-001-49- എൻ.ഇ.എസ്.പാറ്റേണിൽ ഉദ്യോഗസ്ഥരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്

## 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ്

എൻ.ഇ.എസ് പാറ്റേണിൽ ഉദ്യോഗസ്ഥന്മാരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവിനും മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിനുമുൾപ്പെടെയുള്ള ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 12 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 2515-00-001-49 - എൻ.ഇ.എസ്. പാറ്റേണിൽ ഉദ്യോഗസ്ഥൻമാരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്

## 05-04 -ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

എൻ.ഇ.എസ് പാറ്റേണിനാവശ്യമായ ഓഫീസ് ചെലവുകൾക്കും മറ്റിനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.25 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന

വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 2515-00-001-44 – തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇ-ഗവേണൻസ് സംരംഭങ്ങളുടെ നവീകരണവും ശക്തിപ്പെടുത്തലും

ഇ-ഓഫീസിന്റെ സുഗമമായ പ്രവർത്തനം, ജില്ലാ ഓഫീസുകളിൽ ബയോമെട്രിക് പഞ്ചിംഗ് മെഷീനുകളും സിസിടിവി ക്യാമറകളും സജ്ജീകരിക്കൽ, പുതിയ കമ്പ്യൂട്ടർ സിസ്റ്റങ്ങളും ലാപ്ടോപ്പുകളും പ്രിന്റർ, സ്കാനർ, എൽ.സി.ഡി പ്രൊജക്ടർ, വീഡിയോ ക്യാമറകൾ, മൾട്ടിമീഡിയ സ്പീക്കറുകൾ, എ.ഇ.ബി.എ.എസ് മെഷീനുകൾ, പ്രിൻസിപ്പൽ ഡയറക്ടറേറ്റിനും സബ് ഓഫീസുകൾക്കുമായി സിസിടിവി സംവിധാനങ്ങൾ, എൻജിനീയറിങ് ജീവനക്കാർക്കുള്ള ടാബ്‌ലെറ്റുകൾ തുടങ്ങിയ അനുബന്ധ ഘടകങ്ങൾ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ, കംപ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ എന്നിവ വാങ്ങുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 7.7226 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 2515-00-001-41 – പ്രിൻസിപ്പൽ ഡയറക്ടറേറ്റ് എൽ.എസ്.ജി.ഡി എസ്റ്റാബ്ലിഷ്മെന്റ് (റൂറൽ)

എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിലെ പ്രവർത്തനങ്ങൾക്ക് വിവിധ ശീർഷകങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിരിക്കുന്ന തുക ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 02-5-ദിവസവേതനം | 2 ലക്ഷം രൂപ |
| 04-1-യാത്രാബത്ത | 1.7 ലക്ഷം രൂപ |
| 04-4- അവധിയാത്രാനുകൂല്യം | 2 ലക്ഷം രൂപ |
| 05-1 -വെള്ളക്കരം | 5.5 ലക്ഷം രൂപ |
| 05-2- വൈദ്യുതി ചെലവ് | 17.56 ലക്ഷം രൂപ |

| | |
|---|---|
| 05-3-ടെലിഫോൺ ചെലവ് | 1.50 ലക്ഷം രൂപ |
| 21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും | 1.50 ലക്ഷം രൂപ |
| 45-പി.ഒ.എൽ | 2.92 ലക്ഷം രൂപ |

**2515-00-102-33- <u>നവകേരള കർമ്മ പദ്ധതി-2 (ഹരിതകേരളം മിഷൻ)</u>**

നവകേരള കർമ്മപദ്ധതി-2-ന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 9.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-102-30- <u>ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയുള്ള ധനസഹായം</u>**

ഗ്രാമീണ തൊഴിൽ മേഖലയിലെ ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കായി ഹഡ്കോ കെ.യു.ആർ.ഡി.എഫ്.സി. മുഖേന അനുവദിച്ചിട്ടുള്ള വായ്പയിന്മേലുള്ള പലിശ തിരിച്ചടവിനായി ഈ ശീർഷകത്തിൽ 53.89 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**2515-00-102-21 – <u>കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (ലീപ് കേരള മിഷൻ)</u>**

സാമൂഹ്യ സാക്ഷരത ഉൾപ്പെടെ ജയിൽ ജ്യോതി, ഒപ്പം, കൂടെ, ഉദയം, തൊഴിൽ പരിശീലനം - നൈപുണ്യ വികസനം എന്നീ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 4.68 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4515-00-102-49- <u>സമ്പൂർണ്ണ ഭവനപദ്ധതി-ഗ്രാമം(ലൈഫ് പാർപ്പിട മിഷൻ)</u>**

ഗ്രാമീണ മേഖലയിൽ ലൈഫ് പാർപ്പിട മിഷൻ പദ്ധതി പ്രകാരം നിലവിൽ നിർമ്മാണം പുരോഗമിക്കുന്നതും 2024-25 സാമ്പത്തിക വർഷത്തിൽ നിർമ്മാണം

ആരംഭിക്കുവാനുള്ളതുമായ വ്യക്തിഗത ഭവനങ്ങൾക്ക് സംസ്ഥാന വിഹിതം നൽകുന്നതിന് 400 കോടി രൂപയും നിർമ്മാണം പുരോഗമിക്കുന്ന ഭവന സമുച്ചയങ്ങൾക്കായി 32 കോടി രൂപയും ആവശ്യമായതിനാൽ മേൽ ശീർഷകത്തിൽ 216 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗംവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ്, എഞ്ചിനീയറിംഗ് വിഭാഗങ്ങൾ എന്നീ വകുപ്പുകൾ സംയോജിപ്പിച്ച് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചപ്പോൾ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ മുഴുവൻ ജീവനക്കാരെയും പ്രിൻസിപ്പൽ ഡയറക്ടറേറ്റ് എസ്റ്റാബ്ലിഷ്മെന്റ് 2515-00-001-41 എന്ന ശീർഷകത്തിലും ജോയിന്റ് ഡയറക്ടർ എസ്റ്റാബ്ലിഷ്മെന്റിനെ 2515-00-001-39, 2217-80-001-88 എന്നീ രണ്ട് ശീർഷകങ്ങളിലും ഉൾപ്പെടുത്തണമെന്ന് ധനകാര്യ വകുപ്പിനെ രേഖാമൂലം അറിയിച്ചിരുന്നുവെങ്കിലും നിലവിൽ 15 ശീർഷകങ്ങളിലായാണ് 2024-25 സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ ചെലവുകൾക്കുള്ള തുക വകയിരുത്തിയിരിക്കുന്നതെന്നും, ഒരേ വകുപ്പിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വിവിധ ശീർഷകങ്ങൾക്ക് കീഴിലാക്കുന്നത് ദൈനംദിന ഓഫീസ് നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നതും ഏകീകൃത വകുപ്പ് രൂപീകരിച്ച സർക്കാർ നയത്തിന് എതിരുമാണെന്ന വിവരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ വിശദീകരിച്ചു

വകുപ്പിന്റെ ആവശ്യം സമിതി വിശദമായി പരിശോധിക്കുകയും ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽ 10 ശീർഷകങ്ങളിലായി തുക വകയിരുത്തിയ നടപടി ദൈനംദിന ഓഫീസ് പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്നതിനാൽ 2515-00-001-41, 2515-00-001-39, 2217-80-001-88 എന്നീ മൂന്ന് ശീർഷകങ്ങളിലേക്ക് തുകകൾ പുന:ക്രമീകരിക്കണമെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആവശ്യം പരിഗണിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.25 ന് അവസാനിച്ചു.

## 28.02.2024-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX, 2024 ഫെബ്രുവരി 28-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് വീഡിയോ കോൺഫറൻസിലൂടെ അധ്യക്ഷത വഹിച്ച പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗമായ ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. കെ. രാജൻ, വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. വി. കെ. പ്രശാന്ത്
2. ശ്രീ. പി. ഉബൈദുള്ള
3. ശ്രീ. എൻ. കെ. അക്ബർ (വീഡിയോ കോൺഫറൻസിംഗ് മുഖേന)

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽ കുമാർ ബി. ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

**<u>ഹാജരായ ഉദ്യോഗസ്ഥർ</u>**

1. ശ്രീ. രാഹുൽ കൃഷ്ണ ശർമ്മ, സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.
2. ഡോ. അദീല അബ്ദുള്ള, ഡയറക്ടർ, ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്.
3. ഡോ. ഫെബി വർഗ്ഗീസ്, ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം.
4. ശ്രീ. ശ്രീകുമാർ ബി., ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്.
5. ശ്രീമതി ഷൈനി ജോർജ്, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

6. ശ്രീമതി ജോസഫൈൻ കെ., അഡീഷണൽ സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.
7. ബാബു കെ., അഡീഷണൽ സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്.
8. ശ്രീ. ഹരികൃഷ്ണൻ ബി., ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്.
9. ശ്രീ. സുതൻ ഡബ്ല്യൂ. ജെ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
10. ശ്രീ. കെ. അനിൽ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
11. ശ്രീമതി ഉമാദേവി എൽ. ഡി., ജോയിന്റ് സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്.
12. ശ്രീമതി ഗീത ജി. എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്.
13. ഡോ. പത്മകുമാർ ജി. പി., ചീഫ് പ്ലാനർ, ഹൗസിംഗ് (ടെക്നിക്കൽ സെൽ) ഡിപ്പാർട്ട്മെന്റ്.
14. ശ്രീ. ബി. സുനിൽ കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്.
15. ശ്രീ. നിസാർ എച്ച്., മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ന്യൂനപക്ഷക്ഷേമ കമ്മീഷൻ.
16. ശ്രീ. ജയൻ ആർ., ചീഫ് ടെക്നിക്കൽ ഓഫീസർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം.
17. ശ്രീ. സുഭാഷ് ടി. വി., രജിസ്ട്രാർ, സഹകരണ സംഘം.

സമിതി, 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള XXI, XXV എന്നീ ധനാഭ്യർത്ഥനകൾ സൂക്ഷ്മ പരിശോധനയ്ക്കായി പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന XXI – ഭവനനിർമ്മാണം

### 2216-05-053-97 – സംരക്ഷണവും അറ്റകുറ്റപ്പണികളും

**01 - സംരക്ഷണവും അറ്റകുറ്റപ്പണികളും**
**02 - പ്രത്യേക അറ്റകുറ്റപ്പണികൾ**

**03 - വൈദ്യുത സാമഗ്രികളുടെ സംരക്ഷണം**

കരാറുകാർക്ക് കൊടുക്കുവാനുള്ള 11.16 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമുള്ള ചെലവുകൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

## 2216-05-053-95 - തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

**01 - സാധാരണ അറ്റകുറ്റപ്പണികൾ**
**02 - പ്രത്യേക അറ്റകുറ്റപ്പണികൾ**
**03 - വൈദ്യുത സാമഗ്രികളുടെ സംരക്ഷണം**

കരാറുകാർക്ക് കൊടുക്കുവാനുള്ള 1.46 കോടി രൂപ കൊടുത്തു തീർക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 1.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

## 2216-80-101-99 - നിർമ്മിതി കേന്ദ്രങ്ങൾ

നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.65 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

## 2216-80-101-98- ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം

ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനത്തിന്റെ ഹൗസിംഗ് പാർക്ക് നിർമ്മാണം, ലാബിഷാസ് ക്യാംപസ് നിർമ്മാണം, റിസർച്ച് ആന്റ് ഡവലപ്മെന്റ്, ഫിനിഷിംഗ് സ്കൂൾ, അവയർനെസ് ആന്റ് പബ്ലിക്കേഷൻ എന്നീ ഇനങ്ങളിലുള്ള ചെലവുകൾ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ്

വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 4.30 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**2216-80-103-99 - <u>സംസ്ഥാനത്തെ ഹൗസിംഗ് ബോർഡ്</u>**

**01-സഹായധനം**

**36-സഹായധനം-ശമ്പളേതരം**

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസുകൾ, ജില്ലകളിലെ ഡിവിഷൻ ഓഫീസുകൾ എന്നിവയിലേക്ക് ശമ്പളേതര ആവശ്യങ്ങൾക്കും, ഭരണപരമായ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും Contingent expense-ൽ ഉൾപ്പെടുന്ന ഇലക്ട്രിസിറ്റി ചാർജ്ജസ്, വാട്ടർ ചാർജ്, ആർ. ആർ ചാർജസ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5.1435 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**2216-80-103-99 - <u>സംസ്ഥാന ഹൗസിംഗ് ബോർഡ്</u>**

**(02) - വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവന നിർമ്മാണം**

ഒരു പത്രപ്രവർത്തകന് ഒരു ലക്ഷം രൂപ നിരക്കിൽ 34 പേർക്ക് ഭവന നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്നതിനായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 34 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**2216-80-103-99 - <u>സംസ്ഥാന ഹൗസിംഗ് ബോർഡ്</u>**

**(09) മൈത്രി ഭവന പദ്ധതി**

ഭവന നിർമ്മാണ ബോർഡിന്റെ തനത് പദ്ധതികൾ നടപ്പിലാക്കുവാനും, നിലവിലെ ബോർഡിന്റെ കെട്ടിടങ്ങളിൽ അറ്റകുറ്റ പണികൾ നടത്തുന്നതിനും, ബോർഡിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ

മേൽ ശീർഷകത്തിൽ 206.1599 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**2216-80-103-99 – <u>സംസ്ഥാന ഹൗസിംഗ് ബോർഡ്</u>**

**38-ട്രെയിനിംഗ് പ്ലാൻ**

2024-25 സാമ്പത്തിക വർഷം ഭവന നിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫീസ്, ഡിവിഷൻ ഓഫീസുകൾ എന്നിവിടങ്ങളിൽ ഓഫീസ് ഓട്ടോമേഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ ഉദ്യോഗസ്ഥർക്കും ട്രെയിനിംഗ്, സോഫ്റ്റ് വെയർ ഡെവലപ്മെന്റ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.05 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**4216-01-106-94 – <u>സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി (പദ്ധതി)</u>**

സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കുകളിൽ ഭവന പദ്ധതി നടപ്പിലാക്കുന്നതിന്റെ പണി പുരോഗമിച്ചു വരുന്നതിനാൽ കോൺട്രാക്ടർമാർക്ക് തുക കൈമാറേണ്ടതായിട്ടുണ്ട്. ആയതിനാൽ മേൽ ശീർഷകത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**4216-01-106-91 – <u>സർക്കാർ ജീവനക്കാർക്ക് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വാടക വീട് പദ്ധതി</u>**

സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്ക് വാടകയ്ക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനായി വാടക വീട് പദ്ധതി നടപ്പിലാക്കുന്നതിന് വയനാട് ജില്ലയിൽ മാനന്തവാടിയിൽ ബോർഡ് വക ഭൂമിയിൽ 2 ബ്ലോക്കുകളിലായി ആകെ 24 ഫ്ലാറ്റുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയുടെ തുടർ നടത്തിപ്പിലേയ്ക്കായി 9 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

## 4216-01-700-85 - റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ്
## (01) റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം

കരാറുകാർക്ക് കൊടുത്ത തീർക്കാനുള്ള കുടിശ്ശിക തുക ഉൾപ്പെടെയുള്ള ചെലവുകൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 80 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

## 4216-80-190-96 - ഗൃഹശ്രീ ഭവന പദ്ധതി

സംസ്ഥാനത്ത് രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ദുർബല വിഭാഗക്കാർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹായത്തോടെ മൂന്ന് ലക്ഷം രൂപ സർക്കാർ സബ്സിഡിയോടു കൂടി 2000 വീടുകൾ നിർമ്മിക്കുവാൻ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ, മേൽ ശീർഷകത്തിൽ 46.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

## 4216-80-190-95 - കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര (കെ.ഇ.എസ്.എൻ.ഐ.കെ.)

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനു കീഴിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 3.55 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

## 4216-80-201-97 - ആശ്വാസ് വാടക ഭവന പദ്ധതി

ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ പുരോഗമിച്ചു വരുന്ന ആശ്വാസ് വാടകവീട് പദ്ധതിയുടെ തുടർനടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 12.70 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**4216-80-201-94 - <u>കോഴിക്കോട് സ്ഥിതി ചെയ്യുന്ന കേരള ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിലുള്ള വസ്തുവിൽ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ ക്വാർട്ടേഴ്സ്</u>**

2020-21 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് ഭവന പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ച നാല് കോടി രൂപയിൽ ബാക്കി നിൽക്കുന്ന 2.6543 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**4216-80-201-93 - <u>സ്ത്രീകൾക്കുള്ള പേയിംഗ് ഗസ്റ്റ് ഹോസ്റ്റൽ</u>**

സ്ത്രീകൾക്കുള്ള പേയിംഗ് ഗസ്റ്റ് ഹോസ്റ്റൽ നിർമ്മാണ പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ 100 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയ തുക. ഇത് അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 9 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**4216-80-800-95 - <u>ഇ.ഡബ്ല്യൂ.എസ്./എൽ.ഐ.ജി. ഭവനപദ്ധതി</u>**

**(01) - <u>സാമ്പത്തികമായി ദുർബലമായ വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതി</u>**

ഭവനരഹിതരായ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ലോൺലിങ്ക്ഡ് സബ്സിഡി സ്കീമിനായതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 6 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**4216-80-800-94 - എം. എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി**

എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതിയിലൂടെ നിർമ്മിച്ച വീടുകൾ വാസയോഗ്യമാക്കുന്നതിന് ഭവനനിർമ്മാണ ബോർഡ് സുവർണ്ണഭവനം പുനർനിർമ്മാണ പദ്ധതി, നവയുഗ പുനർനിർമ്മാണ പദ്ധതി എന്നീ പദ്ധതികളിലൂടെ പുനർനിർമ്മിച്ചുവരുന്നു. ആയതിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ സുവർണ്ണഭവനം പദ്ധതിയ്ക്കായി 13 കോടി രൂപയും നവയുഗം പദ്ധതിയ്ക്കായി 4.5 കോടി രൂപയും ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**6216-80-190-97 - സർക്കാർ ജീവനക്കാർക്കുള്ള കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഭവന വായ്പാ പദ്ധതി**

സർക്കാർ ജീവനക്കാർക്കുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഭവന വായ്പാ പദ്ധതി പ്രകാരം നടപ്പുവർഷം 300-ൽ പരം അപേക്ഷകൾ ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നതിനാൽ ഒരു അപേക്ഷകന് പരമാവധി 40 ലക്ഷം രൂപ നിരക്കിൽ ഭവന വായ്പ നൽകുന്നതിന് ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഈ ശീർഷകത്തിൽ 97 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**6216-80-800-86 - മുതിർന്ന പൗരന്മാരുടെ വീടുകൾക്കായി കെ.എസ്.എച്ച്.ബി.ക്ക് വായ്പ**

സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ മുതിർന്ന പൗരന്മാർക്കായി തിരുവനന്തപുരം ജില്ലയിലെ നെട്ടയം, കോട്ടയം ജില്ലയിലെ ഗാന്ധിനഗർ എന്നിവിടങ്ങളിൽ വീടുകൾ നിർമ്മിച്ച് നല്കുന്ന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 9 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

[പ്രസ്തുത പദ്ധതി 6216 - ഭവനനിർമ്മാണത്തിനുള്ള വായ്പകൾ എന്ന ശീർഷകത്തിൽ ആണ് വകയിരുത്തിയിട്ടുള്ളത് എന്നതിനാൽ ആവശ്യമുള്ള പക്ഷം പ്രസ്തുത തുക 4216 - ഭവനനിർമ്മാണത്തിനുള്ള മൂലധന ചെലവ് എന്ന ശീർഷകത്തിലേക്ക് മാറ്റി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു].

## ധനാഭ്യർത്ഥന XXV

## പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

**2225-04-001-99 - <u>നടത്തിപ്പ്</u>**
**06 - <u>വാടക, കരം, നികുതി</u>**

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ നിലവിലുള്ള 24 സെന്ററുകളുടേയും പുതിയതായി ആരംഭിക്കുന്ന 11 പരിശീലനകേന്ദ്രങ്ങളുടെയും വാടക ഒടുക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 15 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന്_ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**2225-04-001-99 – <u>മറ്റു ചെലവുകൾ</u>**
**34-3 - <u>മറ്റിനം</u>**

ന്യൂനപക്ഷ അവകാശങ്ങളും ശാക്തീകരണ പദ്ധതികളും നടപ്പിലാക്കുന്നതിന് 2024-25 സാമ്പത്തിക വർഷം സംസ്ഥാനതലത്തിലും ജില്ലകൾ ആസ്ഥാനമാക്കിയും ദിനാചരണം സംഘടിപ്പിക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 4 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**97 – <u>വാഹനങ്ങളുടെ വാടക</u>**

ന്യൂനപക്ഷക്ഷേമ വകുപ്പിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാടകയ്ക്കെടുത്ത വാഹനങ്ങളുടെ വാടക തുക ഒടുക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 3 ലക്ഷം രൂപ

ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

## 99 – <u>വിവരസാങ്കേതിക വിദ്യ</u>

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ സ്കോളർഷിപ്പ് പദ്ധതികൾ സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇ-ഗ്രാന്റ് പോർട്ടൽ മുഖേന നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 60 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

## 2225-04-001-98 – <u>ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ആധുനികവൽക്കരണം</u>

ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ ഉറുദു കോൺഫറൻസും മൈനോരിറ്റി ഡവലപ്മെന്റ് കോൺഫറൻസും ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളിൽ ഇ-ഓഫീസ് സംവിധാനവും നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 35 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

## 2225-04-102-92– <u>ജസ്റ്റിസ് സച്ചാർ കമ്മിറ്റിയുടെ ശിപാർശകളിന്മേലുള്ള പദ്ധതികളുടെ നടപ്പാക്കൽ</u>

## 34- <u>മറ്റു ചെലവുകൾ-3- മറ്റിനം</u>

24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടേയും 32 ഉപകേന്ദ്രങ്ങളുടേയും നടത്തിപ്പ് ചെലവ്, ഫാക്കൽറ്റി ചെലവ്, കേന്ദ്രത്തിന്റെ മറ്റ് നടത്തിപ്പ് ചെലവ്, മദ്രസ്സ ക്ഷേമനിധി ബോർഡിന്റെ വിവാഹ ധനസഹായം, ഉറുദു സ്കോളർഷിപ്പ് എന്നിവയ്ക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.21 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**2225-04-102-91 – കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ**

**31 – സഹായധനം - ശമ്പളം**

ന്യൂനപക്ഷ കമ്മീഷൻ അംഗങ്ങളുടേയും ചെയർമാന്റേയും സ്റ്റാഫ് അംഗങ്ങളുടെയും പ്രതിമാസ ശമ്പളത്തിനും മുൻ കമ്മീഷൻ ചെയർമാന്റെ ശമ്പള കുടിശ്ശിക ഒടുക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**2225-04-277-96 – സി.എ./ഐ.സി.ഡബ്ല്യ.എ./സി.എസ്. എന്നീ കോഴ്സുകൾ പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്**

**12 – സ്കോളർഷിപ്പുകളും സ്റ്റൈപെന്റുകളും**

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ സ്കോളർഷിപ്പ് പദ്ധതികളിൽ ഉൾപ്പെട്ട സി.എ., സി.എം.എ.സി.എസ്. സ്കോളർഷിപ്പിനും ഉപപദ്ധതികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**2225-04-277-91 – സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്**

**12 – സ്കോളർഷിപ്പുകളും സ്റ്റൈപെന്റുകളും**

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ സ്കോളർഷിപ്പ് പദ്ധതികളിൽ ഉൾപ്പെട്ട ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിനും ഉപപദ്ധതികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 51 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**2225-04-277-89 - നേഴ്സിംഗ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സ് എന്നിവയ്ക്കുള്ള മദർതെരേസ സ്കോളർഷിപ്പ്**

**12 - സ്കോളർഷിപ്പുകളും സ്റ്റൈപെന്റുകളും**

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ സ്കോളർഷിപ്പ് പദ്ധതികളിൽ ഉൾപ്പെട്ട മദർ തെരേസ സ്കോളർഷിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 7 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**2225-04-277-88 - 3 വർഷ ഡിപ്ലോമ കോഴ്സിനുള്ള സ്കോളർഷിപ്പ്**

**12 - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും**

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ സ്കോളർഷിപ്പ് പദ്ധതികളിൽ ഉൾപ്പെട്ട എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പിനും തൊഴിലില്ലാത്ത യുവജനങ്ങൾക്കായുള്ള പരിശീലന പദ്ധതികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

**2225-04-277-87 - മുസ്ലീം വനിതകൾക്കുള്ള വിവാഹപൂർവ്വ കൗൺസിലിംഗ്**

ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ യുവജനങ്ങൾക്കായി നടത്തുന്ന വിവാഹപൂർവ്വ കൗൺസിലിംഗ് കൂടുതൽ സ്ഥാപനങ്ങളിൽ നടത്തുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.20 ന് അവസാനിച്ചു.

## 05.03.2024-ലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX 2024 മാർച്ച് 05-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. തദ്ദേശസ്വയംഭരണ- എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. എൻ. കെ. അക്ബർ
2. ശ്രീ. വി. കെ. പ്രശാന്ത്
3. ശ്രീ. പി. ഉബൈദുള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽകുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ഹരീന്ദ്രൻ, അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് അവസാനിച്ചു.